# ജനനീതി

168

ഏപ്രിൽ 2011

3.00 ക.



പി. സായിനാഥ്

# തൊഴിലവകാശ പ്രവർത്തകനെ തല്ലിക്കൊന്നു

**ഝാ**ർഖണ്ഡിലെ ലത്തേഹർ ജില്ലയിൽ ഒരു തൊഴിലവകാശ പ്രവർത്തകനായ നിയാമത് അൻസാരി കരാറുകാരുടെ ഏജന്റ്മാർ മുഖേനയാണെന്നു കരുതപ്പെടുന്നു, ഫെബ്രുവരിയിൽ കൊല്ലപ്പെട്ടു. റാഞ്ചിയിൽനിന്ന് നൂറു കിലോമീറ്റർ ദൂരെയാണ് സംഭവം. തൊഴിലവകാശ സഹായതാ കേന്ദ്രം എന്ന സംഘടനയിലെ അംഗമാണ് അൻസാരി.

തൊഴിലവകാശ പദ്ധതി പ്രകാരം അനുവദിക്കപ്പെടുന്ന പദ്ധതികൾ പ്രാദേശിക കരാറുകാർ കയ്യടക്കും. തൊഴിലാളികൾക്ക് ന്യായമായും അവകാശപ്പെട്ട വേതനമൊന്നും ഇവർ നൽകില്ല. എല്ലാം കള്ളക്കണക്കാണ്. അൻസാരി ഇത്തരം കള്ളത്തരങ്ങളിൽ ഇടപെടുന്നത് കരാറുകാരെ ക്ഷോഭിപ്പിച്ചിരുന്നു.

ഒരു ദിവസം ഗുണ്ടകൾ അൻസാരിയുടെ വീടു കയ്യേറുകയും അൻസാരിയെ വലിച്ചിഴച്ചു കൊണ്ടു പോകുകയും ചെയ്തു. ബന്ധുക്കൾ ദീർഘനേരം അന്വേഷിച്ചതിനു ശേഷമാണ് അൻസാരിയുടെ മൃതദേഹം കണ്ടെത്തിയത്. അൻസാരിയുടെ വീട് കയ്യേറിയവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പോലീസ് ഐ.ജി. ആർ. കെ. മാലിക് പറഞ്ഞത്.

കോപ്പെ പഞ്ചായത്തുകാരനായ അൻസാരി ഗ്രാമസ്വരാജ് അഭിയാനിലെ ഒരംഗമാണ്. അഴിമതിക്കെതിരെ അൻസാരി നടത്തിവരുന്ന സമരങ്ങളായിരിക്കണം അക്രമത്തിന്ന് പ്രേരകമായതെന്ന് പോലീസ് കരുതുന്നു. ഏതായാലും എഫ്. ഐ. ആർ രജിസ്റ്റർ ചെയ്ത് അന്വേഷണമാരംഭിച്ചിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. തൊഴിലവകാശ പദ്ധതി നടപ്പാക്കിയത് മുതൽ അൻസാരി അഴിമതിക്കെതിരെ രംഗത്തുണ്ടായിരുന്നുവെന്ന് മറ്റൊരു



നിയാമത് അൻസാരി

പ്രവർത്തകനായ ഗുരുജിത് പറഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്നായി അൻസാരി നടത്തിവരുന്ന പ്രവർത്തനങ്ങൾ സ്വാഭാവികമായും കരാറുകാരെ ക്ഷോഭിപ്പിച്ചിരുന്നു. കരാറുകാർ ഗുണ്ടകളെ വിട്ട് അൻസാരിയെ തല്ലിക്കൊന്നതാണെന്നതിൽ സംശയമൊന്നുമില്ലന്ന് ഗുരുജിത് പറഞ്ഞു.

മാണിക്കയിലെ മുൻ ബി.ഡി.ഒ. ആയ സാഹുവിനെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയതിരിക്കുന്നത്. സാഹുവിന്റേയും കൂട്ടുകാരന്റേയും വീട് പരിശോധിച്ചപ്പോൾ രണ്ടു ലക്ഷത്തിൽ പരം രൂപ പിടികിട്ടിയിട്ടുണ്ട്. വധിക്കപ്പെട്ട അൻസാരിയുടെ സഹപ്രവർത്തകനായ ഭൂഖണ്ഡ് സിങ്ങിനും കരാറുകാരുടെ ഭീഷണി ലഭിച്ചിട്ടുണ്ടെന്ന് ഗുരുജിത് പറഞ്ഞു.

ഒരു മാസത്തിന്നിടയിൽ കൊല്ലപ്പെട്ട രണ്ടാമത്തെ തൊഴിലവകാശ പ്രവർത്തകനാണ് അൻസാരി. ഫെ. 21ന്ന് സുബ്ബൽ മഹതോ എന്ന ആദിവാസി യുവാവ് കൊല്ലപ്പെട്ടിരുന്നു. ❑



ജനനീതി

ഏപ്രിൽ 2011
**168**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഉത്തരവാദിത്വമേറ്റാൽ തീരുന്നൊരു കാര്യമാണോ ഇത്?

**ഇ**ന്ത്യയിലെ എല്ലാതരം അഴിമതിയന്വേഷണങ്ങളുടേയും മേൽനോട്ടം വഹിക്കാൻ ഉത്തരവാദപ്പെട്ട സെൻട്രൽ വിജിലൻസ് കമ്മീഷണറുടെ പദവിയിൽ, ഒരഴിമതിക്കേസിൽ പ്രതികൂടിയായ പി.ജെ. തോമസിനെ നിയമിക്കാനിടവന്നതിന്റെ ഉത്തരവാദിത്വം പ്രധാനമന്ത്രി മൻമോഹൻസിങ് സ്വയം ഏറ്റെടുത്തത് അദ്ദേഹത്തിന്റെ ആർജ്ജവ ബുദ്ധിയെ കാണിക്കുന്നു. അത്രക്കും അത് പ്രശംസനീയമവുമാണ്. എന്ത് അപച്യുതിയുണ്ടായാലും അതിന്റെ ഉത്തരവാദിത്വം മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കുന്നത് ഒരു സ്വഭാവ വിശേഷമായിട്ടുള്ള ഇന്ത്യയിൽ ഒരാളെങ്കിലും അതിന്നപവാദമായി കാണുന്നത് സന്തോഷകരമാകണമല്ലോ.

പക്ഷെ സെൻട്രൽ വിജിലൻസ് കമ്മീഷണറുടെ കാര്യത്തിൽ ഈ ഉത്തരവാദിത്വം "ഏറ്റെടുക്കലി"ന്ന് പ്രത്യേകതയൊന്നുമില്ല. ഇന്ത്യയിലെ പ്രധാന സംഭവങ്ങൾക്കെല്ലാം ഉത്തരവാദിത്വം പ്രധാനമന്ത്രിക്കു തന്നെയാണ്. സെൻട്രൽ വിജിലൻസ് കമ്മീഷണറുടെ നിയമനത്തിന്നു ഉത്തരവാദിത്വം വഹിക്കേണ്ടത് പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും പ്രധാനമന്ത്രി നിയോഗിക്കുന്ന ഒരു മന്ത്രിയുമടങ്ങിയ സമിതിയാണെന്ന് നിയമത്തിൽ തന്നെ സ്ഫുടമായി വ്യക്തമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രിക്കാണ് എല്ലാറ്റിന്നും ഉത്തരവാദിത്വമെന്നതിനാൽ അദ്ദേഹത്തിന്റെ അംഗത്വം നമുക്കു മനസ്സിലാക്കാം. പ്രതിപക്ഷനേതാവിന്നുകൂടി അംഗത്വം നൽകിയിരിക്കുന്നതിന്റെ പ്രധാന്യം എത്ര ഊന്നിപ്പറഞ്ഞാലും അധികമാകില്ല. വാസ്തവത്തിൽ പ്രതിപക്ഷ നേതാവിന്ന് ഒരു വീറ്റോ അധികാരമാണ് നിയമത്തിൽ വിഭാവനം ചെയ്യുന്നത്. ഗവർമ്മേണ്ടിന്റെ താല്പ

ര്യത്തിന്ന് ഊന്നൽ നൽകാനാണ് മൂന്നാമനെ ഗവർമ്മേണ്ട് നിയോഗിച്ചിരിക്കുന്നത്. വാസ്തവത്തിൽ ഈ മൂന്നാമൻ ഒരു സ്ലീപ്പിങ് പാർട്ണർ (Sleeping Partner) മാത്രമാണ്. പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിൽ എന്തെങ്കിലും തർക്കമുണ്ടായാൽ ന്യായാന്യായങ്ങൾ നോക്കി ഒരു വിധി കല്പിക്കലാണ് മൂന്നാമന്റെ ചുമതല.

സെൻട്രൽ വിജിലൻസ് കമ്മീഷണറുടെ നിയമന കാര്യത്തിൽ പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിൽ വെറും തർക്കമുണ്ടാകുകയല്ല ചെയ്തത്. കള്ളന്റെ കയ്യിൽ താക്കോൽ കൊടുക്കുന്നതുപോലെയുള്ള ഒരു അരുതായ്മയാണ് പ്രധാനമന്ത്രി ചെയ്യാൻ പോകുന്നതെന്ന് പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയതാണ്. അവിടെ "സഡൻ ബ്രേക്ക്" വീഴേണ്ടതായിരുന്നു. പ്രതിപക്ഷനേതാവ് ഇത്രയും ഗുരുതരമായ പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടും പ്രധാനമന്ത്രിക്കോ സമിതിയിലെ മൂന്നാമനായ ആഭ്യന്തരകാര്യമന്ത്രിക്കോ കൂസലൊന്നുമുണ്ടായില്ല. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം സംബന്ധിച്ച ഫയലൊന്നു മറിച്ചു നോക്കാൻ പോലും രണ്ടു പേരും മുതിർന്നില്ല. "ഭരിക്കുന്നത് ഞങ്ങളാണ് കീഴൊപ്പു വയ്ക്കാനേ നിങ്ങൾക്കധികാരമുള്ളൂ" എന്ന ധാർഷ്ട്യ മനോഭാവമാണ് പ്രധാനമന്ത്രിയും ആഭ്യന്തരകാര്യ മന്ത്രിയും പ്രകടിപ്പിച്ചത്. ഈ അവഹേളനം മുഴുവൻ കാണിച്ചതിന്നു ശേഷം ഇപ്പോൾ "ഉത്തരവാദിത്വം" ഏറ്റെടുക്കുന്നതിൽ എന്തർത്ഥമാണുള്ളത്.

വെറുമൊരു ക്ലർക്കിനെ നിയമിക്കുമ്പോൾ പോലും ഗവർമ്മേണ്ട് അയാളുടെ ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം അന്വേഷിക്കാറുണ്ട്. വെറുമൊരു കാക്കപ്പുള്ളിയുടെ പേരിൽ മാത്രം നിയമനം നിഷേധിക്കപ്പെട്ടതിന്റെ കഥകൾ പറയാനില്ലാത്തവർ നമ്മുടെ നാട്ടിൽ ചുരുങ്ങും. അങ്ങനെയെല്ലാമുള്ളൊരു നാട്ടിൽ സെൻട്രൽ വിജിലൻസ് കമ്മീഷണറെപ്പോലെ പവിത്രമായൊരു തസ്തികയിലേക്ക് നിയമനം നടക്കുമ്പോൾ, ഒരു പോലീസുകാരനെ വിട്ട് ഒരു വെരിഫിക്കേഷൻ നടത്താതിരുന്നതെന്തുകൊണ്ടാണ്. ഒരു നൂറുതരം അന്വേഷണ ഏജൻസികൾ സർക്കാർ വകയായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതിൽ എന്തിനോടു ചോദിച്ചാലും പി.ജെ. തോമസ് ഒരു ക്രിമിനൽ കേസിലെ പ്രതിയാണെന്ന വിവരം ലഭിക്കുമായിരുന്നു. എന്തുകൊണ്ട് അങ്ങനെയൊന്നും ചെയ്തില്ല എന്നു വ്യക്തമാക്കിയ ശേഷമാണ് ഈ "ഉത്തരവാദിത്വം" ഏറ്റതെങ്കിൽ അതിന്നർത്ഥമുണ്ടാകുമായിരുന്നു.

ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം സഹായിച്ചും സഹകരിച്ചും പ്രവർത്തിക്കുകാണ് എല്ലാ ജനാധിപത്യ സംവിധാനങ്ങളിലും പതിവ് - ഇന്ത്യയിലൊഴിച്ച്! ഇന്ത്യയിൽ മാത്രമേ ഭരണപക്ഷവും പ്രതിപക്ഷവും പാമ്പും കീരിയുമെന്നോണം പ്രവർത്തിക്കുന്നുള്ളൂ. ആശയ ദാരിദ്ര്യവും ആദർശ ദാരിദ്ര്യവും മൂക്കുമ്പോഴാണ് ജനാധിപത്യം കയ്യാങ്കളിയിലെത്തുന്നത്. പാർലിമെന്റിന്റെ ശീതകാല സമ്മേളനത്തിൽ എന്തെല്ലാമാണ് സംഭവിച്ചത്. ഒരു സംയുക്ത പാർലിമെന്ററി കമ്മിറ്റിയെ ചൊല്ലി പാർലിമെന്റിന്റെ ഒരു സമ്മേളനത്തെയാകെ തുലച്ചു കളഞ്ഞില്ലേ? എന്നിട്ടൊടുവിൽ എന്തുണ്ടായി? പാർലിമെന്റ് സമ്മേളിച്ച ആദ്യ ദിവസം തന്നെ ഈ ബുദ്ധി തോന്നിയിരുന്നുവെങ്കിൽ ജനങ്ങൾക്ക് ഈ പുറാട്ടു നാടകമെല്ലാം കാണേണ്ടി വരുമായിരുന്നുവോ? പറയൂ പ്രധാനമന്ത്രി, ആരാണിതിന്റെ "ഉത്തരവാദിത്വ"മേൽക്കുക? പാർലിമെന്റിൽ ഉയർത്തി പിടിക്കാൻ ഒരു കയ്യെങ്കിലും കൂടുതലുണ്ടെങ്കിൽ, ആരേയും കൂട്ടാക്കേണ്ടതില്ല എന്ന ഈ മനോഭാവത്തിന്നാണോ ജനാധിപത്യമെന്നു പറയുക? കൂവലിന്നപ്പുറം ഈ പാർലിമെന്റിൽ അർത്ഥവത്തായ ഒരു ചർച്ചയെങ്കിലും ➡



# ടെലികോം കുംഭകോണം: ഉത്തരവാദിത്വം ആർക്കാണ്?

- എരാചെഴിയൻ -

**2**ജി സ്പെക്ട്രം ഇടപാടുകൾ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ 2010 നവമ്പറിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഗവർമ്മേണ്ടിന്ന് ഈ ഇടപാടിൽ 1.76 ലക്ഷം കോടി രൂപയുടെ നഷ്ടം സംഭവിച്ചിരിക്കാനിടയുണ്ടെന്ന് പറഞ്ഞിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ഇന്ത്യക്കുണ്ടായിട്ടുള്ള ഏറ്റവും കനത്ത നഷ്ടക്കച്ചവടമാണിത്. മാധ്യമങ്ങളും ജനങ്ങളും അരിശം കൊണ്ട് കലിതുള്ളിയപ്പോൾ ടെലികമ്യൂണിക്കേഷൻ മന്ത്രി എ. രാജ രാജി വച്ചു. മനുഷ്യ വികസന കാര്യമന്ത്രി കപിൽ സിബലിനെയാണ് തൽക്കാലം ഈ വകുപ്പിന്റെ ചുമതലക്കാരനാക്കിയിരിക്കുന്നത്.

2010 ഡിസംബർ 31ന്ന് ടെലികോം മന്ത്രി ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചു. റിട്ടയർ ചെയ്ത ജ. ശിവരാജ് പട്ടീലാണ് കമ്മീഷണർ. ടെലികമ്യൂണിക്കേഷൻ വകുപ്പ് 2001-09 വരെ സ്പെക്ട്രം ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ അവലംഭിച്ച നടപടി ക്രമങ്ങളുടെ ഔചിത്യം പരിശോധിക്കാനുള്ളതായിരുന്നു കമ്മീഷൻ. ജ: പട്ടീലാകട്ടെ 2011 ജനുവരി 31ന്ന് റിപ്പോർട്ട് സമർപ്പിച്ചു. ഫെ. 10ന്ന് അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ കമ്മിറ്റിയെ നിയമിച്ചത് ടെലികമ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റ് അനുവർത്തിച്ച നയത്തിന്റെ ഔചിത്യം പരിശോധിക്കാനായിരുന്നതിനാൽ, കഴിഞ്ഞ കാലത്തെ നഷ്ടങ്ങളൊന്നും പരിശോധിച്ചിട്ടില്ല. എന്നാൽ കമ്മിറ്റിയുടെ പരിഗണനാവിഷയത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ എന്തെല്ലാം നഷ്ടം വരുത്തി എന്നന്വേഷിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ആരെല്ലാം എത്രയെല്ലാം നഷ്ടം വരുത്തിയെന്ന് കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിലെ ആറാം അധ്യായത്തിലും ഏഴാം അധ്യായത്തിലുമായി ഇത് വിവരിച്ചിട്ടുണ്ട്. ആകെയുള്ള 37 ഖണ്ഡികകളിൽ 36 എണ്ണത്തിലായി ഇതെല്ലാം വിവരിച്ചിട്ടുണ്ട്.

നടപടിക്രമങ്ങളിലുണ്ടായ പാളിച്ചകൾക്ക് ഉദ്യോഗസ്ഥന്മാരാണ് ഉത്തരവാദികൾ എന്നു പറയുന്നത് സ്വീകരിക്കുക വിഷമമാണ് മന്ത്രിയുടെ ചെയ്തികൾക്ക് ഉദ്യോഗസ്ഥന്മാരെ ഉത്തരവാദികളും ശിക്ഷാർഹരുമാക്കാൻ ഒരു എന്നെങ്കിലും നടന്നിട്ടുണ്ടോ?

ചെയ്തുപോയ ഒരു പ്രവൃത്തി അവിചാരിതമായി പാളിപ്പോയാൽ, അതിന്റെ ഉത്തരവാദിത്വം ആരെങ്കിലും ഏൽക്കുന്നതിൽ അർത്ഥമുണ്ട്. അവിടെ പശ്ചാത്താപമുണ്ട്. പാപ പരിഹാരത്തിന്ന് മാർഗ്ഗവുമുണ്ട്. എന്നാൽ മന:പൂർവ്വം തെറ്റു ചെയ്യുകയും കോടതി ചെവിയിൽ പിടിച്ചു തിരുമ്മുകയും ചെയ്യുമ്പോൾ, ഉത്തരവാദിത്വം ഏൽക്കുന്നതിൽ ഒരർത്ഥവുമില്ല. ഉത്തരവാദിത്വമില്ലാതെ ഓരോന്നു ചെയ്യുകയും കോടതി പിടിച്ചു നിർത്തി ഏത്തമിടുവിക്കകയും ചെയ്യുമ്പോൾ ഉത്തരവാദിത്വമേൽക്കാതെ നിവൃത്തിയില്ലെന്നു വരും. അതിൽ അശേഷം ആത്മാർത്ഥതയുണ്ടാവില്ല. നാളേയും ഇതേ തെറ്റ് ആവർത്തിക്കപ്പെടാം, സംശയിക്കണ്ട. ❑

ഗൂഡാലോചന തന്നെ നടന്നിട്ടുണ്ടെന്നു വേണം കരുതാൻ.

മന്ത്രിയുടെ ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനപരമായ ആശയം നാം മനസ്സിലാക്കിയിരിക്കണം. ഇന്ത്യൻ ഭരണഘടന വെസ്റ്റ് മിനിസ്റ്റർ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു കാബിനറ്റ് മന്ത്രിസഭ എങ്ങനെയാകണമെന്നതാണ് അത്.

ക്യാബിനറ്റ് സമ്പ്രദായത്തിന്ന് പ്രധാനമായും നാലു അടിസ്ഥാന പ്രമാണങ്ങളാണുള്ളത്. കാബിനറ്റ് എന്നത് ഒറ്റ യൂണിറ്റാണ് എന്നതാണ് പ്രധാന സങ്കല്പം. തിരഞ്ഞെടുക്കപ്പെട്ട നിയമനിർമ്മാണ സഭയോടാണ് നയപരമായ പ്രധാനപ്പെട്ട ഏതു കാര്യത്തിലും മന്ത്രിസഭക്ക് കൂട്ടുത്തരവാദിത്വമാണുള്ളത്. രണ്ടാമത്തേത് പ്രസിഡൻഷ്യൽ രീതിയാണ്. ഇവിടെ പ്രസിഡണ്ടിന്ന് നിയമനിർമ്മാണ സഭയോടല്ല, വോട്ടർമാരോടാണ് ഉത്തരവാദിത്വം.

മൂന്നാമത്തേത് മന്ത്രിമാരുടെ ഉത്തരവാദിത്വമാണ്. പ്രസിഡൻഷ്യൽ രീതിയിലും മന്ത്രിസഭക്ക് നിയമനിർമ്മാണ സഭയോട് കൂട്ടുത്തരവാദിത്വമുണ്ടെന്നത് ശരിതന്നെ. എന്നാൽ ഓരോ മന്ത്രിയും സ്വന്തം വകുപ്പിന്റെ കാര്യത്തിൽ ഉത്തരവാദപ്പെട്ടിരിക്കും.

നാലാമത്തേത് പ്രധാനമന്ത്രിയുടെ ഉത്തരവാദിത്വമാണ്. മന്ത്രിസഭയിലെ അംഗങ്ങൾക്കെല്ലാം തുല്യ പ്രധാന്യമാണുള്ളതെങ്കിലും, പ്രധാനമന്ത്രിക്കാണ് മർമ്മപ്രധാനമായ സ്ഥാനം. മന്ത്രിസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിന്ന് പ്രധാനമന്ത്രി ഉത്തരവാദപ്പെട്ടിരിക്കും.

മന്ത്രിമാരുടെ ഇരട്ട ഉത്തരവാദിത്വത്തെക്കുറിച്ച് പ്രഗത്ഭ ഭരണ ഘടനാ വിശാരദനായ ഐവർ ഇന്ന്ങ്സ് ഇങ്ങനെ പറയുന്നു: ക്യാബിനറ്റ് എന്നത് പൊതുവായ ഒരു നിയന്ത്രണ സംഘടനായാണ്. ഭരണ സംവിധാനത്തിന്റെ നൂറു നൂറു വിശദാംശങ്ങളെക്കുറിച്ചറിയാൻ ക്യാബിനറ്റിന്ന് താല്പര്യമില്ല; അതിന്നുള്ള കഴിവുമില്ല. മന്ത്രിമാർ രാഷ്ട്രീയ പ്രാധാന്യമുള്ള നടപടികളൊന്നും സ്വീകരിക്കില്ലെന്ന് ക്യാബിനറ്റ് പ്രതീക്ഷിക്കുന്നു. അതിനാൽ ഓരോ മന്ത്രിയും തന്റെ വിവേചനശക്തി ഉപയോഗിച്ച് പ്രവർത്തിക്കണം. പ്രധാന കാര്യങ്ങളിൽ മന്ത്രിസഭയുടെ അനുമതി തേടുന്ന മന്ത്രി ദുർബ്ബലനാണ്; മന്ത്രിസഭയോടാലോചിക്കാതെ സ്വേഛപോലെ പ്രവർത്തിക്കുന്ന മന്ത്രി അപകടകാരിയുമാണ്.

തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ ചെയതികൾക്ക് മന്ത്രി ഉത്തരവാദപ്പെട്ടിരിക്കുമെന്നും ജന്നിങ്സ് പറയുന്നുണ്ട്. സുപ്രധാനമായ തീരുമാനങ്ങളെല്ലാം മന്ത്രി സ്വന്തം നിലക്കോ മന്ത്രിസഭയുടെ തീരുമാനമെന്ന നിലക്കോ കൈക്കൊള്ളണം. ഉദ്യോഗസ്ഥന്മാർ കൈക്കൊള്ളുന്ന തീരുമാനങ്ങളെല്ലാം മന്ത്രിമാരുടെ ഉത്തരവാദിത്വത്തിലോ അവരുടെ നിയന്ത്രണത്തിലോ ആയിരിക്കും. ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന തീരുമാനങ്ങളെല്ലാം മന്ത്രിമാർക്കു വേണ്ടി ചെയ്യുന്നതാണ്. വലിയ വകുപ്പുകളിലാകുമ്പോൾ പല തീരുമാനങ്ങളും ഉദ്യോഗസ്ഥന്മാർക്ക് വിട്ടുകൊടുക്കേണ്ടിവരും. ഉദ്യോഗസ്ഥന്മാരെ പഴിപറഞ്ഞ് ഒരു മന്ത്രിക്ക് രക്ഷപ്പെടാനാവില്ല. ഒരു മന്ത്രിക്ക് ഉദ്യോഗസ്ഥനെ കുറ്റം പറയാമെന്നുവന്നാൽ, ആ ഉദ്യോഗസ്ഥന് മന്ത്രിയെ കുറ്റപ്പെടുത്താനും അധികാരമുണ്ടാകണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അപ്പോൾ ആ ഉദ്യോഗസ്ഥൻ ഒരു രാഷ്ട്രീയക്കാരനായിത്തീരുന്നു. നമ്മുടെ ഭരണ സംവിധാനത്തിന്റെ അടിസ്ഥാന തത്വം നേരെമറിച്ചാണ്. ഉദ്യോഗസ്ഥൻ നിഷ്പക്ഷനും കഴിയുന്നിടത്തോളം അജ്ഞാതനുമായിരിക്കണം.

ഗവർമ്മേണ്ട് നടത്തുന്ന ഒരു നിഷ്പ ➡ ക്ഷാന്വേഷണത്തിൽ ഉദ്യോഗസ്ഥൻ തന്റെ അധികാരസീമ വിട്ടു പ്രവർത്തിച്ചുവെന്നോ തന്റെ അധികാരം വ്യക്തിപരമായ നേട്ടത്തിന്ന് അല്ലെങ്കിൽ മറ്റു വ്യക്തികളുടേയോ സംഘടനകളുടേയോ നേട്ടത്തിന്നായി ദുരുപയോഗപ്പെടുത്തിയെന്നോ കണ്ടെത്തിയാൽ അയാളെ നിയമാനുസൃതം ശിക്ഷിക്കേണ്ടതാണ്.

2 ജി സ്പെക്ട്രം കേസിൽ, ലൈസൻസ് നൽകുന്ന കാര്യത്തിൽ മന്ത്രി സ്വേഛാപരമായാണ് പ്രവർത്തിച്ചിട്ടുള്ളതെങ്കിൽ ഉത്തരവാദിത്വം അയാളുടേതാണ്. ഗവർമമേണ്ടിന്നു സംഭവിച്ച ഭീമമായ നഷ്ടത്തിന്നും അതിഭീകരമായ അഴിമതിയുടെ അനന്തരഫലങ്ങൾക്കും അയാൾ ഉത്തരവാദിയാണ്. 2007 സെപ്തംബർ 26 ലെ മന്ത്രി രാജായുടെ കത്ത് പ്രധാനമന്ത്രി അംഗീകരിച്ചിട്ടുള്ള സ്ഥിതിക്ക് സ്പെക്ട്രം ലൈസൻസ് നൽകുന്ന തന്റെ നടപടിക്രമത്തിന്ന് പ്രധാനമന്ത്രിയുടെ അംഗീകാരമുണ്ടെന്ന് രാജ അവകാശപ്പെടുന്നു. രാജയുടെ ഈ വാദം അംഗീകരിച്ചാൽ ടെലികമ്യൂണിക്കേഷൻ നയത്തിന്നും തൽസംബന്ധമായ നടപടിക്രമങ്ങൾക്കും മന്ത്രിസഭയുടെ ഒന്നാകെ കൂട്ടുത്തരവാദിത്വമുണ്ടെന്നു വരും. ❑

# മുതലാളിത്ത സോഷ്യലിസത്തിന്റെ വളർച്ചയും വ്യാപ്തിയും

**- പി. സായിനാഥ് -**

**2**005-06 ന്നു ശേഷമുള്ള ആറുകൊല്ലക്കാലത്ത് ഇന്ത്യാ ഗവർമ്മേണ്ട് 3,74,937 കോടി രൂപയുടെ കമ്പനി ആദായനികുതി എഴുതിത്തള്ളിയിട്ടുണ്ട് - 2 ജി തട്ടിപ്പ് സംബന്ധിച്ച് ഇപ്പോൾ നടന്നുവരുന്ന കോലാഹലങ്ങളിൽ ഉൾപ്പെട്ട സംഖ്യയുടെ ഇരട്ടിയാണിത്. കേന്ദ്ര ബഡ്ജറ്റിൽ ഇത്തരത്തിൽ എഴുതി തള്ളുന്ന തുക കൊല്ലംതോറും വർധിച്ചുവരികയുമാണ്. 2005-06 ൽ എഴുതി തള്ളിയ തുക 34,618 കോടി രൂപയായിരുന്നു. ഇക്കൊല്ലം അത് 88,263 കോടിയായിട്ടുണ്ട്. അതായത് 155 ശതമാനത്തിന്റെ വളർച്ച. വാഷിങ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ ഫിനാൽഷ്യൽ ഇന്റഗ്രിറ്റി എന്നൊരു സംഘടനയുണ്ട്. കള്ളപ്പണത്തിന്റെ ഒഴുക്ക് സംബന്ധിച്ച രഹസ്യങ്ങളാണിവർ കൈകാര്യം ചെയ്യുന്നത്. ഇവരുടെ കണക്കനുസരിച്ച് ഇന്ത്യയിൽനിന്ന് വിദേശ ബാങ്കുകളിലെ രഹസ്യ എക്കൗണ്ടുകളിലേക്ക് ഒഴുകുന്ന പണവും ഇത്രതന്നെയാണ്.

ഇക്കൊല്ലത്തെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുന്ന 88,263 കോടി രൂപ കമ്പനികളുടെ ആദായനികുതി മാത്രമാണ്. ഇതിന്നു പുറമെ റവന്യു സൗജന്യങ്ങൾ വേറെയുണ്ട്. കണക്കിൽ പെടാത്ത സൗജന്യങ്ങൾ വർധിപ്പിച്ചതാണ് ഒന്ന്. വയസ്സന്മാർക്ക് അനുവദിക്കുന്ന സൗജന്യങ്ങൾ വേറെയുണ്ട്. സ്ത്രീകൾക്കുള്ള സൗജന്യങ്ങൾ മൂന്നാമത്തെ വകയിൽ പെടുന്നു. കമ്പനി മേധാവിമാരുടെ ആദായനികുതിയുടെ പരിധിയും വർധിപ്പിച്ചിട്ടുണ്ട്.

ധനമന്ത്രി പ്രണവകുമാർ മുക്കർജി കമ്പനികൾക്കുള്ള സൗജന്യങ്ങൾ ഇങ്ങനെ പെരുപ്പിച്ചപ്പോൾ കൃഷിക്കാർക്കുള്ള സൗജന്യങ്ങൾ വെട്ടികുറയ്ക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ടാറ്റ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ കണക്കനുസരിച്ച് കർഷകർക്ക് നൽകിയിരുന്ന സൗജന്യങ്ങളിൽ 5,568 കോടി കുറച്ചിട്ടുണ്ട്. ഇതിൽ 4,477 കോടിയും വിളകൾക്ക് നൽകിയിരുന്ന

സൗജന്യങ്ങളാണ്.

2 ജി ബിസിനസ്സിനെ ന്യായീകരിച്ച മന്ത്രി കപിൽ സിബലിന്നു പോലും പ്രണവകുമാർ മുക്കർജിയുടെ സൗജന്യ ങ്ങളെ ന്യായീകരിക്കാനാവില്ല. കാരണം, ഓരോ ബഡ്ജറ്റിലും റവന്യൂ നഷ്ടം എന്ന തലക്കെട്ടിൽ ഒരു പംക്തിയുണ്ട്. അതിലെ റവന്യു നഷ്ടവും മുതലാളിമാർക്കനുവദിച്ച സൗജന്യങ്ങളും എക്സൈസ് ഇനത്തിലും കസ്റ്റംസ് ഇനത്തിലും പ്രഖ്യാപിച്ചിരിക്കുന്ന സൗജന്യങ്ങളും കൂടി കൂട്ടിയാൽ ഭീമമായൊരു തുക വരും. 2005-06 ൽ ഇത് 2,29,108 കോടി മാത്രമായിരുന്നുവെങ്കിൽ 2010-11 ൽ അത് 4,60,972 കോടിയായി വളർന്നിട്ടുണ്ട്. 2005-06 നോട് താരതമ്യപ്പെടുത്തിയാൽ 2010-11 ൽ നൂറ്റൊന്നു ശതമാനമാണ് വർധന. കസ്റ്റംസിലേയോ എക്സൈസിലേയോ സൗജന്യമൊന്നും സാധാരണക്കാരിൽ എത്തില്ല.

രത്നക്കല്ലുകളുടെ കയറ്റുമതിയിൽ കസ്റ്റംസ് ഡ്യൂട്ടി കുറച്ചിട്ടുണ്ട്. രത്നക്കല്ലിന്റെ ബിസിനസ്സ് കേന്ദ്രം സൂറത്താണ്. രത്നം, സ്വർണ്ണം, ആഭരണം എന്നിവയുടെ കയറ്റുമതി തീരുവ 48,009 കോടി കണ്ട് കുറച്ചിട്ടുണ്ട്. പക്ഷെ സൂറത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ ഇപ്പോൾ ഒറീസ്സയിൽ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുകയാണ്. ഇതിന്നുമുമ്പത്തെ മൂന്നു വർഷങ്ങളിൽ രത്നം, സ്വർണ്ണം, ആഭരണങ്ങൾ എന്നിവയിൽ എഴുതിതള്ളിയതാകട്ടെ 95,675 കോടിയായിരുന്നു.

ശരിയാണ് ഇത് ഇന്ത്യയാണ്. ഇവിടെ നടക്കുന്ന ഏതു പകൽ കൊള്ളയും പാവങ്ങളുടെ പേരിലാണ്. നിങ്ങൾക്കിപ്പോൾതന്നെഅതു കേൾക്കാം. സ്വർണ്ണം-രത്നകച്ചവടക്കാർക്ക് നൽകിയ ഉദാരമായ സൗജന്യങ്ങൾ ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ പെട്ട് കഷ്ടപ്പെടുന്ന പാവം തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനാണെന്നു സർക്കാർ പറയുന്നു. ആരുടേയും മനസ്സുരുക്കുന്ന വാദം. പക്ഷെ സൂറത്തിലേയോ മറ്റെവിടെയെങ്കിലുമോ ഒരു തൊഴിലാളിയെപ്പോലും അത് രക്ഷിച്ചില്ലെന്നതാണ് വാസ്തവം നേരെമറിച്ച് ഒറീസക്കാരായ ഒട്ടേറെ രത്നപണിക്കാർ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയിട്ടുണ്ട്. ചിലർ ആത്മഹത്യ ചെയ്ത് രക്ഷപ്പെട്ടു. അതുമാത്രമല്ല കാര്യം. സാമ്പത്തിക പ്രതിസന്ധി ആരംഭിച്ച 2008 ന്നു മുമ്പുതന്നെ സർക്കാർ ഔദാര്യ പ്രകടനം ആരംഭിച്ചിരുന്നു. കേന്ദ്രഗവർമ്മേണ്ടിന്റെ ഈ മുതലാളിത്ത സോഷ്യലിസംകൊണ്ട് ഏറ്റവുമധികം നേട്ടമുണ്ടായത് മഹാരാഷ്ട്രത്തിലെ വ്യവസായികൾക്കാണ്. 2008 ലെ സാമ്പത്തിക പ്രതിസന്ധിക്കു മുമ്പുള്ള മൂന്നു കൊല്ലക്കാലത്ത്, ശരാശരി പറഞ്ഞാൽ ദിവസേന 1800 പേർക്ക് വീതം തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്നു.

നമുക്ക് ബഡ്ജറ്റിലേക്ക്തന്നെ തിരിച്ചുവരാം. ബഡ്ജറ്റിൽ "മെഷീനറി" എന്ന തലക്കെട്ടിൽ ഒരു വിഭാഗമുണ്ട്. കസ്റ്റംസ് ഇറക്കുമതിക്ക് നൽകുന്ന ഭീമമായ സൗജന്യങ്ങളാണിതിലുള്ളത്. വൻകിട ആസ്പത്രിക്കാർ ഇറക്കുമതി ചെയ്യുന്ന ആത്യാധുനിക യന്ത്രോപകരണങ്ങളാണിതിൽ. ഇവർക്കു ഇറക്കുമതി ചുങ്കം ചുമത്താറില്ലെന്നു തന്നെ പറയാം. ഈ ആസ്പത്രികളിലെ കട്ടിലുകളിൽ 30 ശതമാനം പാവങ്ങൾക്ക് സൗജന്യമായി നൽകുന്നുണ്ടെന്നാണ് സങ്കൽപം. വാസ്തവത്തിൽ അങ്ങനെയൊന്ന് നൽകാറേയില്ല. കോടിക്കണക്കിന്നു രൂപ മുതലിറക്കി സ്ഥാപിച്ചിട്ടുള്ള മുതലാളിത്ത ആസ്പത്രികളാണിവ. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇറക്കുമതി ചുങ്കം ഇളവായി ആസ്പത്രികൾക്ക് അനുവദിച്ചിട്ടുള്ളത് എത്രയാണെന്നോ? വെറും 1,74,418 രൂപ!

ഇനി എക്സൈസ് ഡ്യൂട്ടി വരുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലക്ക് സാധനങ്ങൾ കിട്ടാറാക്കാനാണ് എക്സൈസ് ഡ്യൂട്ടി ഇളവു ചെയ്യുന്നതെന്നാണ് സങ്കല്പം. അങ്ങനെ സംഭവിക്കാറുണ്ടെന്നതിന്ന് ഒരു തെളിവുമില്ല. ബഡ്ജറ്റിലല്ല, പ്രസംഗത്തിൽ മാത്രമേ ഇളവുള്ളൂ.

ഇപ്പോൾ തമിഴ്നാട്ടിൽ ഒരു തമാശ അരങ്ങേറുന്നുണ്ട്. 2 ജി അഴിമതിയിലൂടെ ഗവർമ്മേമണ്ടിന്ന് 1,74,000 കോടി രൂപ നഷ്ടപ്പെട്ടുവെന്നു പറയുന്നത് ശരിയല്ല. ഈ സൗജന്യംകൊണ്ടാണ് ഫോണിന്റെ ചാർജ് കുറഞ്ഞത് എന്നാണവർ പറയുന്നത്.

എക്സൈസ് നികുതിയിൽ അനുവദിക്കുന്ന ഓരോ സൗജന്യവും വ്യവസായിയുടെ പോക്കറ്റാണ് വീർപ്പിക്കുന്നത്. എക്സൈസ് സൗജന്യം മൂലം വില കുറച്ച ഒരനുഭവവുമില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ എക്സൈസ് സൗജന്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്നത് എത്രയാണെന്നോ? 1.98,291 കോടി രൂപ. കഴിഞ്ഞ കൊല്ലത്തെ സൗജന്യം 1,69,121 കോടി രൂപയായിരുന്നു. ഒരു 2 ജി അഴിമതിക്ക് തുല്യം. ഈ തുകയത്രയും ചെന്നു വീഴുന്നത് ബിസിനസ്സുകാരുടെ പോക്കറ്റിലാണ്.

മറ്റൊരു തമാശ. എഴുതി തള്ളുന്ന മൂന്നു സൗജന്യങ്ങളും ഒരേ വർഗ്ഗത്തിന്റെ പോക്കറ്റിൽ തന്നെയാണ് ചെന്നു വീഴുന്നത്. കമ്പനി ആദായ നികുതി, കയറ്റുമതി ചുങ്ക സൗജന്യം, ഇറക്കുമതി ചുങ്ക സൗജന്യം എന്നീ വകകളിൽ പോകുന്നത് എത്രയാണ്! 2005-06 ൽ അത് 2,29,108 കോടിയായിരുന്നുവെന്ന് നാം ആദ്യം കണ്ടു. ഇക്കൊല്ലത്തെ ബഡ്ജറ്റായപ്പോഴേക്കും മുതലാളിമാർക്കുള്ള സൗജന്യം 4,60,972 കോടിയായി ഇരട്ടിച്ചു. 2005-06 മുതൽക്കുള്ള സൗജന്യങ്ങളെല്ലാം കൂട്ടിയാൽ 21,25,023 കോടിയാകും – 2 ജി കുംഭകോണത്തുകയുടെ പന്ത്രണ്ടിരട്ടി!

1948 ന്നു ശേഷം ഇന്ത്യയിൽനിന്ന് ചോർത്തിയെടുത്ത് വിദേശ ബാങ്കുകളിൽ നിയമവിരുദ്ധമായി നിക്ഷേപിച്ചിട്ടുള്ള മൊത്തം തുക 21 ലക്ഷം കോടിയാണെന്ന് ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി പറയുന്നു. അതിന്നു തുല്യമോ അതിനേക്കാളേറെയോ വരുന്ന ഒരു തുകയാണിതെന്നോർക്കുക. 2005-06 ന്നു ശേഷമുള്ള ആറു കൊല്ലം കൊണ്ടാണിത് സാധിച്ചിത്.

നിയമവിരുദ്ധമായി ചോർത്തിക്കൊണ്ടുപോയ തുകയിൽനിന്ന് ഇതിന്ന് ഒരു വ്യത്യാസമുണ്ട്. ഇത് നിയമ വിധേയമാക്കുന്ന, നാണം മറയ്ക്കുന്ന, ഒരു ആലില ഇതിന്നുണ്ട്. മുമ്പ് നടന്നതെല്ലാം വ്യക്തിപരമായ കുറ്റകൃത്യങ്ങളായിരുന്നു. എന്നാൽ ഇപ്പോഴിത് സർക്കാർ നയമാണ്; കേന്ദ്ര ബഡ്ജറ്റിലുള്ളതാണ്. വിഭാവനം ചെയ്യാവുന്നതിൽ വച്ചേറ്റവും വിലിയ സമ്പത്ത് കൈമാറ്റമാണിത്. രാഷ്ട്രസമ്പത്തിവിടെ സമ്പന്ന വർഗ്ഗത്തിന്നും കമ്പനികൾക്കും കൈമാറുന്നു, മാധ്യമങ്ങൾ അതൊന്നും കാണുന്നില്ല.

ഇതെത്രമാത്രം പിന്തിരിപ്പനാണെന്ന് ബഡ്ജറ്റിൽ തന്നെ പറയുന്നുണ്ട്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ നിന്നുള്ള ഒരു ഉദ്ധരണി താഴെ ചേർക്കുന്നു. "എഴുതിതള്ളുന്ന വരുമാനത്തുക കൊല്ലംതോറും വർധിച്ചുവരികയാണ്. മൊത്തം നികുതി പിരിവിന്റെ ശതമാനക്കണക്കിൽ പറഞ്ഞാൽ എഴുതിതള്ളുന്ന വരുമാനം വളരെ ഉയർന്നതാണ്. കമ്പനി ആദായനികുതിയെ സംബന്ധിച്ചിടത്തോളം ഇത് വർധനാ പ്രവണത കാണിക്കുന്നു. പരോക്ഷ നികുതിയുടെ കാര്യത്തിലും പ്രവണത വളരെ ഉയർന്നു നിൽക്കുന്നു. അതുകൊണ്ട്, ഈ പ്രവണത തിരിച്ചുവിടാൻ നികുതിയുടെ അടിസ്ഥാനം വികസിപ്പിക്കേണ്ടതുണ്ട്".

കവർസ്റ്റോറി

# ഇന്ത്യൻ ഗ്രാമങ്ങളുടെ അംബാസഡർ

- ഹരിഹർ സ്വരൂപ് -

പത്രപ്രവർത്തനത്തിലെ നടന്നു പതിഞ്ഞ വഴികളിലൂടെയല്ല പി. സായ്നാഥിന്റെ സഞ്ചാരം. രാഷ്ട്രീയ വിഴുപ്പലക്കുകളെക്കുറിച്ചോ ഓഹരി വിപണിയുടെ വിസ്മയ ലോകത്തെപ്പറ്റിയോ ബോളിവുഡിന്റെ മാസ്മരികതയോ അദ്ദേഹം റിപ്പോർട്ട് ചെയ്യാറില്ല. അധികാരത്തിന്റെ ഇടവഴികളിലോ പഞ്ചനക്ഷത്ര വിരുന്നുകളിലോ അദ്ദേഹം ഒരു സാന്നിദ്ധ്യവുമല്ല. വിദൂരവും ദുഷ്പ്രാപ്യവുമായ ഇന്ത്യൻ ഗ്രാമങ്ങളാണ് സായ്നാഥിന്റെ പത്രപ്രവർത്തനത്തിന്റെ ഭൂമിക. അവിടങ്ങളിലെ നിസ്സഹായരും ഭാഗ്യഹീനരുമായ സ്ത്രീപുരുഷന്മാരെ നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളുടെ താളുകളിൽ അവതരിപ്പിച്ചത് അദ്ദേഹമാണ്. ഗ്രാമീണ പത്രപ്രവർത്തനത്തോടും ഗ്രാമീണ ജനതകളോടുമുള്ള ഈ പ്രതിജ്ഞാബദ്ധതയ്ക്കുള്ള അംഗീകാരമായാണ് 'ഏഷ്യൻ നോബൽ സമ്മാനം' എന്നറിയപ്പെടുന്ന റമൺ മെഗ്സസെ അവാർഡ് ഇക്കൊല്ലം സായ്നാഥിനെ തേടിയെത്തിയത്. 'ദ ഹിന്ദു' ദിനപത്രത്തിന്റെ ഗ്രാമകാര്യ എഡിറ്ററാണ് സായ്നാഥ്.

ഗ്രാമങ്ങളിലെ ജീവിതപ്രശ്നങ്ങൾ, ദാരിദ്ര്യം, ദളിത് ജീവിതം, ആഗോളീകരണത്തിന്റെ പ്രത്യാഘാതങ്ങൾ തുടങ്ങിയവയാണ് സായ്നാഥിന്റെ ഇഷ്ടമേഖലകൾ. പട്ടിണി, വിശപ്പ് എന്നിവയെ സംബന്ധിച്ച് ലോകത്തെ ഏറ്റവും വലിയ വിദഗ്ദ്ധരിലൊരാൾ എന്നാണ് സായ്നാഥിനെ വിഖ്യാത ധനശാസ്ത്രജ്ഞൻ അമർത്യാസെൻ വിശേഷിപ്പിച്ചത്. വർഷത്തിൽ മുന്നൂറു ദിവസംവരെ ഗ്രാമങ്ങളിൽ ചെലവഴിക്കുക എന്നതാണ് അദ്ദേഹത്തിന്റെ രീതി. നേരിട്ടറിഞ്ഞ നീറുന്ന സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾ സായ്നാഥ് പത്രത്താളുകളിലൂടെ അവതരിപ്പിക്കുമ്പോൾ ഭരണകൂടങ്ങൾക്ക് അത് അവഗണിക്കാനാവാതെ വരുന്നു.

ആന്ധ്രപ്രദേശുകാരനായ സായ്നാഥ് ഇന്ത്യയുടെ മുൻ രാഷ്ട്രപതി വി.വി. ഗിരിയുടെ പൗത്രനാണ്. ഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ നിന്നു ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം 1980ൽ യു.എൻ.ഐ. എന്ന വർത്താ ഏജൻസിയിലൂടെയാണ് സായ്നാഥ് പത്രപ്രവർത്തനം ആരംഭിച്ചത്. പിന്നീട് ബ്ലീറ്റ്സ് വാരികയുടെ വിദേശകാര്യ എഡിറ്ററും ഡെപ്യൂട്ടി എഡിറ്ററുമായി.

1990കളിൽ നരസിംഹറാവു സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക പരിഷ്ക്കരണങ്ങൾ സായ്നാഥിന്റെ പത്രപ്രവർത്തന ജീവിതത്തിൽ വഴിത്തിരിവായി. ഉപരിവർഗ്ഗ ജീവിതശൈലികളിലും ഉപഭോഗ സംസ്ക്കാരത്തിലും മാധ്യമ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നതായി അദ്ദേഹം മനസ്സിലാക്കി. ആഗോളീകരണഫലമായി വറചട്ടിയിൽനിന്ന് എരിതീയിലേക്കു പതിച്ച ദരിദ്ര ജീവിതങ്ങളെ സമൂഹ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. ഇന്ത്യൻ ഗ്രാമങ്ങളിൽ ➡ സഞ്ചരിച്ചു റിപ്പോർട്ടുകൾ തയ്യാറാക്കാനായി അദ്ദേഹം 'ടൈംസ് ഓഫ് ഇന്ത്യ'യുടെ ഫെല്ലോഷിപ്പിന് അപേക്ഷിച്ചത് അങ്ങനെയാണ്.

അഞ്ചു സംസ്ഥാനങ്ങളിലെ പത്തു പിന്നോക്ക ജില്ലകളിൽ സഞ്ചരിച്ച് 84 റിപ്പോർട്ടുകൾ അദ്ദേഹം 'ടൈംസ് ഓഫ് ഇന്ത്യ'യിൽ പ്രസിദ്ധപ്പെടുത്തി. ഈ റിപ്പോർട്ടുകളിൽനിന്ന് തിരഞ്ഞെടുത്തവയാണ് 'എവരിബഡി ലവ്സ് എ ഗുഡ് ഡ്രോട്ട്' എന്ന പേരിൽ പുസ്തകരൂപത്തിൽ സമാഹരിച്ചത്. പെൻഗ്വിൻ ഇന്ത്യ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഒരു ബെസ്റ്റ് സെല്ലറായിരുന്നു.

2004ലാണ് സായ്നാഥ് 'ദ ഹിന്ദു'വിലെത്തുന്നത്. ആന്ധ്രയിലേയും വിദർഭയിലേയും വയനാട്ടിലേയുമൊക്കെ ഗ്രാമീണ കാർഷിക പ്രശ്നങ്ങൾ 'ദ ഹിന്ദു'വിന്റെ താളുകളിലൂടെ അദ്ദേഹം സമൂഹ ശ്രദ്ധയിൽ കൊണ്ടുവന്നു. ഗ്രാമീണ ദരിദ്രരെ ഇന്ത്യയുടെ പൊതുബോധത്തിൽ പുന:പ്രതിഷ്ഠിച്ച പത്രപ്രവർത്തകൻ എന്നു മഗ്സസെ പുരസ്ക്കാര സമിതി സായ്നാഥിനെ വിശേഷിപ്പിച്ചതിൽ ഒട്ടും അതിശയോക്തിയില്ല. ❑

---

ഇത് കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ നിന്നുള്ള ഉദ്ധരണിയാണെങ്കിൽ, ഇക്കൊല്ലവും ഇതൊക്കെത്തന്നെയാണ് പറഞ്ഞിരിക്കുന്നത്! ഈ പ്രവണത തിരിച്ചു വിടേണ്ടതുണ്ട് എന്ന ഭാഗം ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കാണുന്നില്ലെന്ന ഒരു വ്യത്യാസമേയുള്ളൂ!

സാർവ്വത്രിക റേഷനിങ് നടപ്പാക്കാൻ കാശില്ലെന്നു പറയുന്ന ഒരു ഗവർമ്മേണ്ടാണിതെന്നോർക്കണം. ഈ ഭൂഗോളത്തിലെ ഏറ്റവും വലിയ പട്ടിണിക്കാരുടെ സബ്സിഡി പോലും കുറക്കുന്ന ഗവർമ്മേണ്ടാണിത്. വില വർധന കൊണ്ട് ശ്വാസം മുട്ടുമ്പോഴാണിത്. വലിയൊരു ഭക്ഷ്യപ്രതിസന്ധിയെ നേരിടുമ്പോഴാണിത്. ❑

---

# മൻമോഹൻ സിങ്ങിന്റെ ഇന്ത്യയിൽ നടക്കുന്നത് ഇതൊക്കെയാണ്!

- വിദ്യ സുബ്രമഹ്ണ്യം -

ഹൈദരാബാദിലെ സമാധാനം തകർന്നതിന്നു ശേഷമുള്ള നാലു കൊല്ലത്തിന്നിടയിൽ ഒരുപാട് സംഭവങ്ങളുണ്ടായിട്ടുണ്ട്. ആ പ്രദേശത്ത് 2007 മേയിലെ മെക്ക മസ്ജിദ് സ്ഫോടനം; മൂന്നു മാസത്തിന്നു ശേഷം ഗോകുൽ ചാറ്റ് ഭണ്ഡാരത്തിലേയും ലുംബിനി പാർക്കിലേയും സ്ഫോടനങ്ങൾ.

ഈ സ്ഫോടനങ്ങളെത്തുടർന്ന് ഇരുപതോളം മുസ്ലീം യുവാക്കളെ പോലീസ് പിടികൂടി. എന്തിനെന്ന് ചോദിക്കരുത്. ആരെയെങ്കിലും പിടികൂടണമല്ലൊ. രാഷ്ട്രത്തിന്നെതിരെ യുദ്ധം നടത്തിയെന്ന ഭീകരവകുപ്പനുസരിച്ചായിരുന്നു കേസ്. ചെറുപ്പക്കാരെയെല്ലാം കോടതി വെറുതെ വിട്ടു. അതോടെ ഹിന്ദുത്വ ഭീകരത എന്ന പുതിയൊരു പേരു പ്രചാരത്തിൽ വന്നു. ഔദ്യോഗികമായിത്തന്നെ അത് അംഗീകരിക്കപ്പെട്ടു. അതോടെ ആന്ധ്ര പോലീസ് പുതിയൊരു പാഠം പഠിച്ചു. എന്തു കുഴപ്പമുണ്ടായാലും മുസ്ലീമുകളെ വേട്ടയാടി പിടിക്കാനാണ് അവരെ പഠിപ്പിച്ചിരുന്നത്. അതായിരുന്ന ജന്മവാസനയും. അതൊരു സ്വഭാവമായി മാറിക്കഴിഞ്ഞിരുന്നു. "ജിഹാദി"കൾ മാത്രമല്ല ഭീകരപ്രവർത്തനം നടത്തുകയെന്ന് ആന്ധ്ര പോലീസിന്ന് ദഹിപ്പിച്ചെടുക്കാൻ കുറെ പാടുപെടേണ്ടിവന്നു. അതോടെ പുതിയ അന്വേഷണ മാർഗ്ഗങ്ങൾ തുറന്നുകിട്ടി. മുസ്ലീം യുവാക്കളെ തങ്ങൾ വെറുതെ വേട്ടയാടുകയായിരുന്നുവെന്ന് അവർ മനസ്സിലാക്കി.

പക്ഷെ ഇതൊക്കെ തൊലിപ്പുറത്തെ ചികിത്സയായിരുന്നു, സ്ഫോടന കേസുകളുമായി ബന്ധപ്പെട്ട് പിടികൂടിയവരെ വെറുതെ വിടാൻ പറ്റുമോ? കോടതി വെറുതെ വിട്ടാൽ തന്നെ "ഭീകരൻ" എന്ന മുദ്ര വേഗമൊന്നും മാഞ്ഞുപോകില്ല. അതിന്നുമപ്പുറത്ത് പോലീസ് ഏതുസമയത്തും പിടികൂടിയേക്കാമെന്ന ഭീതി എങ്ങനെ അകറ്റാനാണ്. പോലീസ്

പിടിച്ചാൽ ചോദ്യം ചെയ്യും; ഭേദ്യം ചെയ്യും. ചെയ്യാത്ത കുറ്റമെല്ലാം ചെയ്തുവെന്നു സമ്മതിക്കേണ്ടി വരും. വല്ലേടത്തും വല്ല സ്ഫോടനവും നടന്നാൽ പോലീസ് ആദ്യം പിടിക്കുക തങ്ങളെയാണെന്നവർക്കറിയാം; പിന്നെ ഭേദ്യമുറകളായി.

**റയീസുദീന്റെ കഥ**

മൊഹമ്മദ് റയീസുദീൻ മിടുക്കനായിരുന്നു. ഹൈദരാബാദിലെ ഏറ്റവും വിഖ്യാതമായ ആഭരണ നിർമ്മാണശാലയിലെ വില്പനക്കാരനായിരുന്നു അദ്ദേഹം. ഏതു മുരടൻ ഇടപാടുകാരനേയും കാര്യം പറഞ്ഞു ബോധ്യപ്പെടുത്താനുള്ള മിടുക്ക് റയീസുദീനുണ്ടായിരുന്നു. അങ്ങനെ കഴിയുമ്പോൾ ഒരു ദിവസം പോലീസുകാർ കയറിവന്ന് അയാളെ പിടിച്ചുകൊണ്ടുപോയി. കണ്ടു കാര്യങ്ങളാണ് റയീസുദീനെ കുടുക്കിയത്. 2004 ൽ ഡി.ജി.പി. യുടെ ഓഫീസിനു മുന്നിൽ നടന്ന ഒരു സംഘടനത്തിന്റെ ദൃക്സാക്ഷിയായിരുന്നു അദ്ദേഹം. ഭീകരനെന്നു സംശയിക്കപ്പെടുന്ന ഒരു ബിലാൽ താമസിച്ചിരുന്ന അതേ മേഖലയിലായിരുന്നു റയീസുദീനും താമസിച്ചിരുന്നത്.

മെക്ക മസ്ജിദ് സ്ഫോടനത്തെത്തുടർന്നാണ് റയീസുദീനെ പോലീസ് കുടുക്കിയത്. സ്പെഷൽ ഇൻവസ്റ്റിഗേഷൻ സെൽ റയീസുദീന് ഒരു സമൻസ് അയച്ചു. ബിലാൽ എവിടെയെന്നായിരുന്നു പോലീസിന്റെ ചോദ്യം. പിന്നീട് അരൊക്കെയാണ് കൂട്ടുകാരെന്നായി . ഒടുവിൽ റയീസുദീനുള്ള പങ്കിനെക്കുറിച്ചായി ചോദ്യം.

ഗോകുൽ-ലുംബിനി സ്ഫോടനങ്ങൾ കഴിഞ്ഞതോടെ കഥയാകെ മാറി. അതുവരെ ഭീകരനാണ് എന്ന സംശയമേ ഉണ്ടായിരുന്നുള്ളൂ. ഗോകുൽ-ലുംബിനി സ്ഫോടനങ്ങളോടെ റയീസുദീൻ ഭീകരൻ തന്നെയായി രൂപാന്തരപ്പെട്ടു. പിന്നെ ഭീകരന്മാർക്കുള്ള അനുഭവം മുഴുവനും അനുഭവിക്കേണ്ടിവന്നു. - കണ്ണുമൂടികെട്ടി അങ്ങോട്ടുമിങ്ങോട്ടുമുള്ള കൊണ്ടുപോകൽ, ഭീകരമായ ദന്ധന മുറകൾ, ഒടുവിൽ ഔപചാരികമായ അറസ്റ്റ്, ഏതോ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി എന്നു വരുത്തൽ, യഥാർത്ഥത്തിൽ 2007 ആഗസ്റ്റ് 31ന്നാണ് റയീസുദീനെ പോലീസ് പിടികൂടിയത്. എന്നാൽ പോലീസ് റിക്കാർടു പ്രകാരം 2007 സെപ്തംബർ 6ന്നേ അറസ്റ്റ് ചെയ്തിട്ടുള്ളൂ.

2008 ഫെബ്രുവരി 14 ന്ന് റവീസുദീന്ന് സോപാധിക ജാമ്യം അനുവദിച്ചു. 2009 ഡിസംബർ 31ന്ന് റവീസുദീനേയും കൂട്ടുപ്രതികളായ മറ്റ് 20 പേരേയും കോടതി വെറുതെ വിട്ടു. കോടതി വെറുതെ വിട്ടുവെങ്കിലും റവീസുദീന്റെ സ്വാതന്ത്ര്യം ഒരു മിഥ്യയാണ്. പോലീസ് എപ്പോൾ കയറിവരുമെന്ന ഭീതിയിലാണ് അദ്ദേഹം കഴിയുന്നത്. ഇടക്കിടെ അവർ വരുന്നുമുണ്ട്. ബാബറി മസ്ജീദ് തകർത്തതിന്റെ വാർഷികം വന്നാൽ ഭീകരന്മാർക്കെതിരെ ജാഗരൂകരായിരിക്കാൻ സർക്കാർ ആവശ്യപ്പെട്ടാൽ, നഗരത്തിൽ എവിടെയെങ്കിലും എന്തെങ്കിലും കുഴപ്പമുണ്ടായാൽ പോലീസുകാർ ആദ്യമെത്തുക റിവാസുദീന്റെ വീട്ടിലായിരിക്കും.

**തകർന്ന ജീവിതം**

പോലീസുകാർ വിളിച്ചുകൊണ്ടുപോയ ആ ദിവസംതന്നെ റവീസുദീന്ന് തന്റെ ജോലി നഷ്ടപ്പെട്ടു. ഭീകരൻ എന്ന മുദ്രകുത്തപ്പെട്ട ആ ദിവസം മുതൽ അയാൾക്ക് ജീവിതം ഒരു ഭാരമായി. ഇന്നയാൾ റോഡരികിൽ തണ്ണീർമത്തൻ വിറ്റു ജീവിക്കുന്നു. റവീസുദീനൊപ്പം കുറ്റക്കാരല്ലെന്നു കണ്ട് വിട്ടയക്കപ്പെട്ടവരുടെ കഥയും അതുതന്നെ. പോലീസ് ഭേദ്യം ചെയ്തതിന്റെ കായികമായ അടയാളങ്ങൾ മാഞ്ഞുതുടങ്ങി. പക്ഷെ അതിന്റെ ഓർമ്മ എന്നെന്നും നിലനിൽക്കും. അതുമാത്രമല്ല, കുറ്റം ചെയ്യാതെ ജയിലിലടക്കപ്പെട്ട ചെറുപ്പക്കാർക്ക് നഷ്ടപരിഹാരം നൽകുമെന്നും അവരെ പുന:രധിവസിപ്പിക്കുമെന്നും മറ്റും ഗവർമ്മേണ്ട് പറഞ്ഞിരുന്നുവങ്കിലും ഒന്നും ഉണ്ടായില്ല. അതുപോലെ ചെറുപ്പക്കാരെ പീഡിപ്പിച്ച പോലീസുകാരെ ശിക്ഷിക്കുമെന്ന വാഗ്ദാനവും വെറും പുകയായി.

ഈ ചെറുപ്പക്കാർക്ക് സഹിക്കേണ്ടിവന്ന ദുരിതങ്ങൾക്ക് രേഖയുണ്ട്. ആന്ധ്ര ന്യൂനപക്ഷ കമ്മീഷന്റെ അഭിഭാഷകനായ രവി ചന്ദർ 2007 സെപ്തമ്പറിൽ തന്നെ ഇതു സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഭീകരരെന്നു മുദ്രകുത്തപ്പെട്ടവരെ ചെർളാപ്പള്ളി ജയിലിൽ പോയി കണ്ടാണ് അദ്ദേഹം അതു തയ്യാറാക്കിയത്. 2008 സെപ്തംമ്പറിൽ അവസാന റിപ്പോർട്ടും സമർപ്പിച്ചു.

നിർഭാഗ്യവശാൽ, ജീവിതം ചിലപ്പോൾ കടംകഥയേയും വെല്ലുന്നതായിരിക്കും എന്നു പറഞ്ഞുകൊണ്ടാണ് റവീസുദീന്നു നേരെ കാണിച്ച അതിക്രമങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ആരംഭിക്കുന്നത്. ഇന്നിപ്പോൾ പരിചിതമായിക്കഴിഞ്ഞിരിക്കുന്ന അതേ കഥതന്നെയാണ് യുവാക്കൾക്കെല്ലാം പറയാനുള്ളത്. വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യുക, വേണ്ടപ്പെട്ടവരെ അറിയിക്കാതെ പിടിച്ചുകൊണ്ടുപോകുക; അജ്ഞാത കേന്ദ്രങ്ങളിൽ എത്തിക്കുക; ദണ്ഡന മുറകൾ ഒന്നൊന്നായി നടത്തുക; ഷോക്ക് ഏൽപ്പിച്ചതിന്റെ പാടുകൾ ശരീരത്തിൽ കാണാം. അത് കാലക്രമത്തിൽ മാഞ്ഞു പോയെന്നുവരാം; പക്ഷെ അതവരുടെ മനസ്സിനേൽപ്പിച്ച ക്ഷതം ഒകിത്തലും മാഞ്ഞുപോകില്ല.

ഓരോ യുവാവിനും ഒരേ കഥതന്നെയാണ് പറയാനുള്ളത്. കുറ്റമെന്തെന്നു പറയാതെ പിടിക്കുക; ദീർഘകാലം ദണ്ഡനമേൽപ്പിക്കുക; മജിസ്ട്രേട്ടുമാർ കണ്ടഭാവം നടിക്കാതിരിക്കുക; കുറ്റസമ്മതം പോലീസ് നിർബ്ബന്ധിച്ച് നടത്തിയതാണെന്നു പറഞ്ഞാലും വെള്ളക്കടലാസിൽ ഒപ്പിടുവിച്ചതാണെന്നു പറഞ്ഞാലും മജിസ്ട്രേട്ട് ഒന്നന്വേഷിക്കുക പോലുമില്ല. രവിചന്ദർ തന്റെ അവസാന റിപ്പോർട്ടിൽ ഇതൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും ശ്രദ്ധിക്കാൻ ആരാണുള്ളത്.

വികാസ് സ്വരൂപിന്റെ പ്രശസ്തമായ "സ്ലം ഡോഗ് മില്യണറെ" വെല്ലുന്നതാണ് രവി ചന്ദറിന്ന് അവതരിപ്പിക്കാനുള്ള വസ്തുതകൾ.

അറസ്റ്റിന്നും തടങ്ങലിന്നും സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ രവിചന്ദറിന്റെ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അറസ്റ്റിന്റെ തിയ്യതിയും സമയവും രേഖപ്പെടുത്തണം. അറസ്റ്റ് വാറണ്ട് നടപ്പാക്കിയ ഉദ്യോഗസ്ഥന്റെ പേര് ചേർക്കണം; അറസ്റ്റ് സംബന്ധിച്ച ഒരു മെമ്മോ തയ്യാറാക്കണം; ഒരു സാക്ഷി ഒപ്പിട്ടിരിക്കണം. കഴിയുമെങ്കിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ കുടുംബാംഗം തന്നെ സാക്ഷിയായി ഒപ്പിടണം; അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ മേലൊപ്പ് വേണം; ആഴ്ചയിൽ മൂന്നുദിവസം മെഡിക്കൽ പരിശോധന നടത്തണം; തടവുകാരന്റെ ശരീരത്തിൽ കാണുന്ന ചെറുതും വലുതുമായ പരിക്കുകൾ അതിൽ രേഖപ്പെടുത്തണം; ഈ നടപടിക്രമം പാലി

ക്കാത്തവർക്കെതിരെ കോർട്ടലക്ഷ്യ നടപടിയെടുക്കണം. ഭീകരപ്രവർത്തനത്തെ നേരിടാൻ സർക്കാർതന്നെ ഭീകരപ്രവർത്തനം നടത്തിയാൽ അവയെ സമാനമായി കാണാനാകില്ല. എന്ന സുപ്രീം കോടതിയുടെ പരാമർശത്തെ എടുത്തു പറഞ്ഞുകൊണ്ടാണ് രവിചന്ദർ തന്റെ റിപ്പോർട്ട് അവസാനിപ്പിച്ചിരിക്കുന്നത്.

ഈ കേസിലെ പ്രതികളെല്ലാം ഒരൊറ്റ സമുദായക്കാരാണെന്നത് ശ്രദ്ധേയമാണ്. മാത്രമല്ല എല്ലാവരും ഇടത്തരക്കാരുമാണ്. ഇത് പോലീസിന്റെ ഒരു സ്വഭാവത്തെ കാണിക്കുന്നു; ആപൽക്കരമായ ഒരു സ്വഭാവത്തെ.

രവിചന്ദറിന്റെ ഈ കണ്ടെത്തലുകൾ പൗരാവകാശ പ്രവർത്തകരെ നടുക്കിക്കളഞ്ഞു. ന്യൂനപക്ഷ സംവരണ പ്രശ്നത്തിൽ മറുപക്ഷക്കാർക്കു വേണ്ടി വാദിച്ചിട്ടുള്ള ആളായതുകൊണ്ട് മാത്രം തന്നെ മുസ്ലീം പക്ഷപാതി എന്ന് കുറ്റപ്പെടുത്തിയില്ല എന്നേയുള്ളൂ എന്നാണ് രവിചന്ദർ ഫലിത രൂപത്തിൽ പറഞ്ഞത്.

**ഇല്ലാത്ത കേസ്**

പോലീസിന്റെ തോന്നിവാസത്തെയാണ് രവിചന്ദർ തുറന്നു കാട്ടിയതെങ്കിൽ കോടതിയുടെ നടപടിക്രമങ്ങളും അത്രതന്നെ അമ്പരപ്പിക്കുന്നതാണ്. രണ്ടു കുറ്റപത്രങ്ങളാണ് പോലീസ് ഫയൽ ചെയ്തിരുന്നത്. ബിലാൽ എന്ന ഭീകരൻ ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്നതിന് ഒരുക്കം നടത്തി എന്നായിരുന്നു ഒരു കേസ്. ജെയ്ഷെ മൊഹമ്മദിന്റെ മേഖലാ കമാൻഡർ എന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. ഏതായാലും ഇയാൾ പിന്നീട് കൊലപ്പെട്ടതായി കരുതപ്പെടുന്നു. അതുകൊണ്ട് കേസും നിലവിലില്ലാതായി. സത്താർ, ഖദ്രി എന്നീ രണ്ടു പേർ ഇയാളെ സഹായിക്കാമെന്നേറ്റതായി കുറ്റപത്രത്തിൽ പറയുന്നുണ്ട്. എന്നാൽ റവീസുദീനും മറ്റുള്ളവരും എന്തെങ്കിലും ചെയ്തതായി പറയുന്നില്ല. ഇവർ ജിഹാദി പ്രസ്ഥാനത്തിന്ന് പിന്തുണ നൽകുന്നവരാണ് എന്നതാണ് ഇവർക്കെതിരായി കാണിച്ചിരിക്കുന്ന കുറ്റം.

ബിലാൽ കൊലപ്പെട്ടുവെന്ന് പോലീസ് പറയുന്നു. അതിനാൽ ആ കേസ് നിലവിലില്ലാതായി. അതോടെ രണ്ടാമത്തെ കുറ്റപത്രം പരിഗണനക്കുവന്നു. റവീസുദീനടക്കമുള്ള 21 പേർക്കും, ഈ കുറ്റപത്രത്തിൽ സമാനമായ കുറ്റങ്ങളാണ് എഴുതിവച്ചിരിക്കുന്നത്. "രാജ്യദ്രോഹപരമായ ക്ലിപ്പുകളടങ്ങിയ രണ്ടു VCDകൾ കണ്ടെടുത്തു, വിപ്ലവാത്മകമായ ഇസ്ലാമിക പ്രവർത്തനങ്ങൾ നടത്തി; രാജ്യദ്രോഹകരമായതും മുസ്ലീം മതമൗലികവാദം സംബന്ധിച്ചതും ആയ ഉർദു സാഹിത്യം പിടിച്ചെടുത്തു എന്നൊക്കെയാണ് കുറ്റപത്രത്തിലുള്ളത്. പോലീസ് ഹാജരാക്കിയ സാക്ഷികളിലൊരാൾ പോലും താനിതിന്ന് ദൃക്സാക്ഷിയാണെന്നു സമ്മതിച്ചില്ല. സാധനങ്ങൾ പിടിച്ചെടുത്തതിനു ശേഷം മഹസർ പോലീസ് എഴുതിയുണ്ടാക്കിയതാണെന്നും താനതിന്റെ ചുവട്ടിൽ ഒപ്പുവയ്ക്കുക മാത്രമേ ചെയ്തുള്ളൂവെന്നും മൊഹമ്മദ് സലിം എന്ന സാക്ഷി പറഞ്ഞു. രാജ്യദ്രോഹകരമായ ഉർദൂ സാഹിത്യത്തിന്റെ ഉടമയായി കാണിച്ച ആൾക്ക് ഉർദു അക്ഷരമാല പോലും അറിയില്ലെന്നും കണ്ടു.

പ്രതികൾ നടത്തിയതായി പോലീസ് പറയുന്ന കുറ്റസമ്മത പ്രസ്താവനയൊഴിച്ച് ഒരു തെളിവുമില്ലെന്നു പറഞ്ഞാണ് കോടതി പ്രതികളെയെല്ലാം വിട്ടയച്ചത്. ❑



# നിയമം മാറ്റാതെ ഇന്ത്യയിൽ അഴിമതിക്കറുതി വരുത്താനാവില്ല

- ആർ.കെ. രാഘവൻ -
(സി.ബി.ഐ.യുടെ മുൻ ഡയറക്ടർ)

**ഇ**ന്നത്തെ സ്ഥിതിവച്ചു പറഞ്ഞാൽ, അഴിമതി കാണിച്ചുവെന്ന് സംശയിക്കപ്പെടുന്നവരെ പിടികൂടി ന്യായാസനങ്ങൾക്കു മുന്നിൽ കൊണ്ടുവരാൻ കേന്ദ്ര ഗവർമ്മേണ്ടിന്ന് കഴിവോ ഇഛാശക്തിയോ ഉണ്ടെന്ന് ഇന്ത്യയിലിന്ന് അധികം പേരൊന്നും വിശ്വസിക്കുന്നില്ല. 2 ജി സ്പെക്ട്രം കുംഭകോണത്തിലും കോമൺവെൽത്ത് ഗെയിംസിന്റെ നടത്തിപ്പു കാര്യത്തിലും ഇതാണ് പ്രത്യേകിച്ചും അവസ്ഥ. അഴിമതിയെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിടാൻ ഗവർമ്മേണ്ട് ഒരു കർമ്മ പരിപാടി തയ്യാറാക്കിയിട്ടുള്ളതായി കൊട്ടിഘോഷിക്കപ്പെടുന്നുണ്ടെങ്കിലും അതെല്ലാം ചീറ്റിപ്പോകാനാണ് സാധ്യത. കാരണം, ഈയിടെ ഒരു അഴിമതി ബഹളം മുഴുവനും നടന്നിട്ടും "കർമ്മ പരിപാടി"യെക്കുറിച്ച് "കമാ" എന്നൊരക്ഷരം ആരും ഉരിയാടി കേട്ടില്ല. ഇനി മുക്കിമൂളി ഒരുകർമ്മ പരിപാടി തട്ടിക്കൂട്ടിയാൽ തന്നെ, അത് പുതിയൊരു പാത്രത്തിൽ കൊണ്ടുവരുന്ന പഴയ വീഞ്ഞുതന്നെയായിരിക്കും.

കേന്ദ്രഗവർമ്മേണ്ട് അഴിമതി വേട്ടക്കായി പ്രത്യകം തെരഞ്ഞെടുത്ത രണ്ടു പേരും ഇപ്പോൾ അഴിമതിയുടെ നിഴലിലാണ്. ഒരാൾ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാനായ ബാലകൃഷ്ണനാണ്. ഇതരൻ സെൻട്രൽ വിജിലൻസ് കമ്മീഷണറുമാണ്. ജെ. ബാലകൃഷ്ണൻ എന്തെങ്കിലും അഴിമതി കാണിച്ചതായി ഒരാളും കുറ്റപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കൾ അന്വേഷണത്തിന്റെ നിഴലിലാണ്. ഇത്തരം ഒരന്വേഷണം നടക്കുമ്പോൾ ഈ ബന്ധുക്കൾ തെറ്റായ വഴിക്കാണ് സമ്പത്തുണ്ടാക്കിയതെന്ന് തെളിയിക്കേണ്ടി വരും. അതിനു ശേഷമേ അത് ചീഫ് ജസ്റ്റീസായിരുന്ന ബാലകൃഷ്ണനുമായുള്ള ബന്ധം വഴിക്കാണോ എന്ന് അന്വേഷണം വരൂ.

അതൊക്കെ നീണ്ടുപിടിച്ച നടപടി ക്രമങ്ങളിലൂടെ കടന്നു പോകേണ്ട കാര്യങ്ങളാണ്. ഈ നടപടി ക്രമങ്ങളിൽ ഓരോന്നിന്നും തടസ്സം വരും. നിയമപരമായും കീഴ്വഴക്കം അനുസരിച്ചും പ്രതിബന്ധങ്ങളുണ്ടാക്കാം ചുരുക്കി പറഞ്ഞാൽ എളുപ്പത്തിലൊന്നും ഒരു ജഡ്ജിയുടെ അഴിമതി തെളിയിക്കാനാവില്ല. ഇതാകട്ടെ, നമ്മുടെ രാഷ്ട്രീയ സംവിധാനത്തിന്നു തന്നെ തീർത്താൽ തീരാത്തൊരു മാരണമായിത്തീരും. നമ്മുടെ ഭരണകൂടത്തിലെ ക്ലർക്കുമാർ പോലും ഇതുകാണുമ്പോൾ എന്തു വിചാരിക്കും? ചീഫ് ജസ്റ്റീസിന്നു പോലും അഴിമതി കാണിച്ച് രക്ഷപ്പെടാമെങ്കിൽ വെറുമൊരു പാവം ക്ലാർക്കായ എന്നെ എന്തിന്നു ശിക്ഷിക്കണമെന്ന് ആളുകൾ ചോദിച്ചു തുടങ്ങും.

ഇന്ത്യയിൽ നഷ്ട സാധ്യത ഏറ്റവും കുറഞ്ഞതും ലാഭ സാധ്യത ഏറ്റവും കൂടിയതുമായ ബിസിനസ്സ് അഴിമതിയാണെന്ന് പറഞ്ഞത് ഇന്ത്യയിലെ മുൻ ചീഫ് വിജിലൻസ് കമ്മീഷണർ എൻ. വിത്തൽ അല്ലേ? ഇന്ത്യയിലെ പൊതു ജീവിതത്തിലുണ്ടായിരിക്കുന്ന അപചയം കാണുമ്പോൾ വിത്തലിന്റെ വാക്കുകൾ എത്ര ശരിയാണെന്ന് ഏവർക്കും തോന്നിപ്പോകും. ഇന്ന് നല്ല

വരാരും സർക്കാർ ഉദ്യോഗം സ്വീകരിക്കാൻ മുന്നേട്ടു വരുന്നില്ല, അഴിമതിക്കാരാകട്ടെ, കൂട്ടംകൂട്ടമായാണ് സർക്കാർ സർവ്വീസിൽ കയറിപ്പറ്റുന്നത്.

ഇപ്പോഴത്തെ ചീഫ് വിജിലൻസ് കമ്മീഷണറായ പി.ജെ. തോമസാണ് കെണിയിൽ കുടുങ്ങി കിടക്കുന്ന മറ്റൊരാൾ കേട്ടിടത്തോളംവച്ചു പറഞ്ഞാൽ, പി.ജെ. തോമസ് പ്രഗത്ഭനായ ഒരു ഉദ്യോഗസ്ഥനാണ്. മികച്ചൊരു സേവനചരിത്രമാണ് അദ്ദേഹത്തിനുള്ളത്. ടെലികമ്യൂണിക്കേഷൻ മന്ത്രിയായി എ. രാജ സ്ഥാനമേൽക്കുന്നത്വരേക്കെങ്കിലും അതായിരുന്നു കഥ. പൊതുവെ പറഞ്ഞാൽ ചീഫ് വിജിലൻസ് കമ്മീഷണറാകാൻ അദ്ദേഹം യോഗ്യനുമാണ്.

പക്ഷെ അദ്ദേഹത്തിന് രണ്ടു പ്രശ്നങ്ങളുണ്ട്. 2-ജി. സ്പെക്ട്രം കേസ് ആദ്യം കോടതിയിലെത്തിയപ്പോൾ മന്ത്രി രാജ ചെയ്തതിനെയെല്ലാം ന്യായീകരിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലമാണ് തോമസ് സമർപ്പിച്ചത്. തോമസ് ടെലി കമ്യൂണിക്കേഷൻ സെക്രട്ടറിയാകുന്നതിന്നുമുമ്പാണ് ഈ സ്പെക്ട്രം സംഭവം നടന്നതെങ്കിലും അതിലെ തകരാറൊന്നും അദ്ദേഹം നോക്കിയില്ല. മന്ത്രിയുടെ തെറ്റുകൾ മനപൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കുന്നതിന്നു പകരം മന്ത്രിയെ പൂർണ്ണമായും പിന്താങ്ങുന്നൊരു സത്യവാങ്മൂലം അദ്ദേഹം മനപൂർവ്വം സമർപ്പിച്ചുവെന്നാണ് കരുതപ്പെടുന്നത്. സ്പെക്ട്രം കുംഭകോണത്തെ വെള്ളയടിച്ചു കാണിക്കാൻ വേണ്ടിയാണ് തോമസ്സിനെ ചീഫ് വിജിലൻസ് കമ്മീഷണറായി നിയമിച്ചതെന്നും സംശയിക്കപ്പെടുന്നുണ്ട്.

ഇതിനെല്ലാം പുറമെ കേരളത്തിലെ പാമോയിൽ കേസിൽ തോമസ് ഒരു പ്രതിയുമാണ്. ചീഫ് വിജിലൻസ് കമ്മീഷണറുടെ സ്ഥാനത്തേക്ക് ഗവർമ്മേണ്ട് തോമസിന്റെ പേർ നിർദ്ദേശിച്ചപ്പോൾ തന്നെ പ്രതിപക്ഷം അതിലെന്തോ ഉള്ളുക്കുള്ളതായി മനസ്സിലാക്കി. കമ്മീഷണറെ തിരഞ്ഞെടുക്കാനുള്ള സമിതിയിൽ, പ്രതിപക്ഷ നേതാവായ സുഷമ സ്വരാജ് അംഗമാണ്. അവരതിനെ നഖശിഖാന്തം എതിർത്തു. എന്നാൽ ഗവർമ്മേണ്ട് അതൊന്നും കാര്യമാക്കാതെ തോമസ്സിന്റെ നിയമനം പ്രഖ്യാപിച്ചു. കേരളത്തിൽ നിലവിലുള്ള ഒരു ക്രിമിനൽ കേസിലെ പ്രതിയാണ് തോമസെന്ന കാര്യം പോലും ഗവർമ്മേണ്ട് അവഗണിച്ചു. ഇപ്പോൾ തോമസ് ഗവർമ്മേണ്ടിന്റെ കഴുത്തിൽ കെട്ടിതൂക്കപ്പെട്ട ഒരു അമ്മിക്കല്ലായി മാറിയിരിക്കുകയാണ്. പാമോയിൽ കേസിലെ മുഖ്യപ്രതിയായിരുന്ന കെ. കരുണാകരൻ മരിച്ചിട്ടും കേസ് തുടർന്നു നടത്താൻ സുപ്രീം കോടതി അനുമതി നൽകിയിട്ടും അതിലെ ഒരു പ്രതിയായ തോമസ് മുഖ്യ വിജിലൻസ് കമ്മീഷണർ സ്ഥാനത്ത് കടിച്ചുതൂങ്ങി കിടക്കുന്നത് രാഷ്ട്രീയ സമ്മർദ്ദത്താലാണെന്ന് പറയപ്പെടുന്നുണ്ട്. അതു ശരിയാണെങ്കിൽ, സർക്കാർ ഉദ്യോഗസ്ഥന്മാർക്കിടയിലുള്ള അഴിമതി പോറ്റി വളർത്തുന്നത് രാഷ്ട്രീയ കക്ഷികളാണെന്നു പറയേണ്ടിവരും. അപ്പോൾ സത്യസന്ധമായൊരു ഭരണകൂടത്തെ ആരും സ്വപ്നം കാണുകപോലും വേണ്ടെന്നു വരും.

ഈ കേസിൽ അത്യന്തം പ്രസക്തമായ മൂന്നു പ്രശ്നങ്ങളാണുള്ളത്. ഒന്നാമത്തേത് സിങ്കിൾ ഡയറക്ടീവ് ആണ്. ജോയന്റ് സെക്രട്ടറിമാർ മുതൽ മേൽപോട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടിയെടുക്കാൻ കേന്ദ്ര ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങണം എന്നതാണ് അത്. ഇത് ഇപ്പോൾ സുപ്രീം കോടതി മുമ്പാകെയാണ്. നിയമത്തിന്നു മുന്നിൽ തുല്യത എന്ന മൗലീകാവകാശത്തിന്ന് എതിരാണിത്.

രണ്ടാമത്തെ പ്രശ്നം കേസന്വേഷണത്തിന്റെ മേലന്വേഷണം കോടതി ➡ തന്നെ ഏൽക്കുന്നതാണ്. ഇത് ഫലപ്രദമാകണമെങ്കിൽ ചെറിയൊരു സംഘത്തെത്തന്നെ ഇതിനായി നിയോഗിക്കേണ്ടി വരുമെന്ന് സി.ബി.ഐ. യുടെ മുൻ ഡയറക്ടറായ സി.വി. നരസിംഹൻ പറയുന്നു. ഒരു മുൻ ഹൈക്കോടതി ജഡ്ജിയും സി.ബി.ഐ. യുടെ ജോയന്റ് ഡയറക്ടറായിരുന്ന ഒരാളും ഒരു സാമ്പത്തിക വിദഗ്ധനും അടങ്ങിയതാകണം ഈ സംഘം. ഇവർ ഇടക്കിടെ സുപ്രീം കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണം. ഇവരുടെ റിപ്പോർട്ടിനെ ആധാരമാക്കി സുപ്രീം കോടതിക്ക് വിധി പറയാം. ഈ പരീക്ഷണം 2-ജി സ്പെക്ട്ര കേസിൽതന്നെ പരിക്ഷിച്ചു നോക്കാവുന്നതാണ്.

മൂന്നാമത്തെ പ്രശ്നം ഗവർമ്മേണ്ട് അധികാര ദുർവിനിയോഗം നടത്തുന്നത് എങ്ങനെ തടയാമെന്നതാണ്. ഇന്ന് ഒരു കേസിൽ കുറ്റക്കാരല്ലെന്നു കണ്ട് വെറുതെ വിടുന്നവർക്കെതിരെ അപ്പീൽ സമർപ്പിക്കുന്നത് ഗവർമ്മേണ്ടിന്നു തടയാം. ഗവർമ്മേണ്ടിന്ന് ഒരാളെ സംരക്ഷിക്കണമെന്ന് താൽപര്യമുണ്ടെങ്കിൽ, അയാൾക്കെതിരെ അപ്പീൽ സമർപ്പിക്കണമെങ്കിൽ ഗവർമ്മേണ്ടിന്റെ അനുവാദം വാങ്ങണം. നിലവിലുള്ള ക്രിമിനൽ നിയമപ്രകാരം അപ്പീൽ സമർപ്പിക്കാൻ ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങണം. ഗവർമ്മേണ്ടിന്നുള്ള അനർഹമായ ഈ അധികാരം എടുത്തുനീക്കിയേ തീരൂ. അതു സാധിക്കണമെങ്കിൽ എല്ലാ പാർട്ടികഴും യോജിക്കണം.

രാഷ്ട്രീയ കക്ഷികൾക്കിടയിൽ അത്തരമൊരു സമവായം ഉണ്ടാകാൻ ഇന്നത്തെ സ്ഥിതിക്ക് വിഷമമാണ്. രാഷ്ട്രീയത്തിൽ ഇന്ന് പരിശുദ്ധരായിട്ടാരുമില്ല. എല്ലാ കക്ഷികളും അഴിമതിയോട് ഇന്ന് മൃദുലമായൊരു സമീപനമാണ് അനുവർത്തിക്കുന്നത്. പൗരസമൂഹം തന്നെ ഇതിന്നു മുന്നിട്ടിറങ്ങണം. ❑

# മദ്യവും ഭരണകൂടവും കുറെ മിഥ്യകളും

കേരളത്തിൽ മദ്യപാനം വർധിച്ചു വരുന്നതിന്റെ കാരണങ്ങളിലൊന്ന് ചാരായ നിരോധനമാണെന്ന് മുൻ പോലീസ് ഡയറക്ടർ ജനറലായ സിബി മാത്യൂസ് ഇവിടെ ഒരു മദ്യനിരോധന സമ്മേളനത്തിൽ പറയുകയുണ്ടായി.

ഗവർമ്മേണ്ടിനെ നിലനിർത്തുന്നത് മദ്യവില്പനയിൽനിന്നുള്ള വരുമാനമാണെന്ന വാദം ശുദ്ധ അസംബന്ധമാണെന്ന് അദ്ദേഹം പറഞ്ഞു. മദ്യവില്പനയിലൂടെ ഗവർമ്മേണ്ടിന്ന് കിട്ടുന്നത് ഏതാണ്ട് 3500 കോടി രൂപ മാത്രമാണ്. അതേസമയം വാണിജ്യ നികുതിയിൽനിന്നുള്ള വരുമാനമാകട്ടെ 16,000 കോടി രൂപ വരും.

കേരളത്തിൽ മദ്യപാനം വർധിക്കുന്നതിന്റെ കാരണങ്ങളിലൊന്ന് മലയാള സിനിമാവ്യവസായത്തിലെ ഒരു വിഭാഗമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മദ്യം വിറ്റുണ്ടാക്കുന്ന കാശാണ് ഗവർമ്മേണ്ടിനെ നിലനിർത്തുന്നതെന്നും മറ്റുമുള്ള കള്ളക്കഥകൾ പ്രചരിപ്പിക്കുന്നത് മദ്യ രാജാക്കന്മാരാണ്. കേരളത്തിൽ മദ്യരാജാക്കന്മാർ അതിപ്രബലമാണ്. ഒരിക്കൽ ഇവർ ഒരു ഗവർമ്മേണ്ടിനെ വീഴ്ത്താൻപോലും ശ്രമിക്കുകയുണ്ടായെന്ന് മാത്യൂസ് വെളിപ്പെടുത്തി. മദ്യപാനം നിരുത്സാഹപ്പെടുത്താൻ ശ്രമിക്കുമെന്ന് എല്ലാ പാർട്ടികളും അവരുടെ പ്രകടനപത്രികയിൽ പറയാറുണ്ടെങ്കിലും, അവരുടെ ചെയതികൾ നേരെ മറിച്ചാണ്. ❑

# റഷ്യൻ സ്വകാര്യവൽക്കരണവും അഴിമതിയുടെ തേർവാഴ്ചയും

- വ്‌ളാഡിമിർ റഡ്യൂഹിൻ -

**1**991ൽ സോവിയറ്റ് യൂണിയൻ തകർന്നു. കൊല്ലം ഇരുപതു കഴിഞ്ഞുവെങ്കിലും റഷ്യ ഇന്നും അതിന്റെ ഭവിഷ്യത്തുക്കളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കമ്യൂണിസത്തിൽനിന്ന് സ്വതന്ത്ര വിപണിയിലേക്കുള്ള പരിവർത്തനം കലങ്ങിമറിഞ്ഞതും പാതകസമ്പൂർണ്ണവുമായിരുന്നു. സംഘടിത പാതകങ്ങൾ റഷ്യയിൽ എത്രമാത്രം ആഴത്തിലാണ് വേരൂന്നിയിരിക്കുന്നതെന്ന് തെളിയിക്കുന്ന വർഷമായിരുന്നു ഇക്കഴിഞ്ഞ 2010.

കഴിഞ്ഞ നവമ്പറിൽ തെക്കൻ റഷ്യയിലെ റഷ്യയുടെ നെല്ലറ എന്നു പറയാവുന്ന ക്രാസ്നോദർ മേഖലയിലെ കുഷ്ചേവസ്കായ പട്ടണത്തിലെ ഒരു കർഷക കുടുംബത്തിലെ നാലു കുട്ടികളടക്കം 12 പേരെ കൂട്ടക്കൊല ചെയ്ത സംഭവം രാജ്യത്തെയാകെ നടുക്കിക്കളഞ്ഞു. ഘാതകന്മാർ ഒമ്പതുമാസം പ്രായമുള്ള ഒരു കുട്ടിയെപ്പോലും വെറുതെ വിട്ടില്ല. ഈ സംഭവം സംബന്ധിച്ച് ഒരന്വേഷണം നടത്താൻ പ്രസിഡണ്ട് മെഡ്‌വേഡ് തന്നെ കൽപ്പന നൽകി. ആ അന്വേഷണത്തിൽ തെളിഞ്ഞത് അഴിമതിയുടേയും പാതകങ്ങളുടേയും നടുക്കിക്കളയുന്ന ഒരു ചിത്രമായിരുന്നു. തദ്ദേശ നിയമസഭാംഗത്തിന്റെ നേതൃത്വത്തിലുള്ള നൂറോളം പേരടങ്ങിയ ഒരു ഗുണ്ടാസംഘം ഒരു ദശാബ്ദത്തിലേറെയായി 35,000 ജനങ്ങളടങ്ങിയ നഗരത്തെയാകെ കിടുകിടെ വിറപ്പിച്ചു വരികയായിരുന്നു. നൂറുകണക്കിന്നു സ്ത്രീകൾ ഇവരുടെ ബലാത്സംഗത്തിന്നിരയായിട്ടുണ്ട്; ഇവർ ഒട്ടേറെ കൊലപാതകങ്ങളും നടത്തിയിട്ടുണ്ട്. ഭൂമി കയ്യേറ്റമാണിവരുടെ ഒരു തൊഴിൽ. ഔദ്യോഗിക രേഖകളിൽ ഇവർ വലിയൊരു തോട്ടത്തിന്റെ രക്ഷാഭടന്മാരാണ്.

കുഷ്ചേവസ്കായ ദുരന്തം ജനങ്ങൾക്കൊരു ഷോക് ചികിത്സയായിരുന്നു. 1990കളിലെ യെൽട്സിന്റെ വാഴ്ചക്കാലത്ത് റഷ്യയെ "ലോകത്തിലെ ഏറ്റവും വലിയ മാഫിയ നാട്" എന്നാണ് വിശേഷിപ്പിച്ചിരുന്നത് 2000–മാണ്ടിൽ ദുർബ്ബലനും രോഗിയുമായ യൽട്സിനെ ഒഴിവാക്കി പുടിൻ അധികാരമേറ്റതോടെ ഗുണ്ടാ വിളയാട്ടങ്ങൾക്കെല്ലാം അറുതിവന്നുവെന്നാണ് തണക്കാക്കപ്പെട്ടിരുന്നത്. പക്ഷെ സംഭവിച്ചത് മറിച്ചാണ്. കാരണം 1990കളിലെ സ്വകാര്യവൽക്കരണം അഴിമതിക്ക് ആഴംകൂട്ടിയിരുന്നു. തൽഫലമായുണ്ടായ ഗുണ്ടാ സംഘങ്ങൾ പുടിന്റെ ഭരണകാലത്തും നിലനിന്നുവെന്നു മാത്രമല്ല. അവർക്ക് പോലീസ് പോലെയുള്ള നിയമപാലക വിഭാഗങ്ങളുമായി കൂട്ടുകെട്ടുമുണ്ടായി.

കുഷ്ചേവസ്കായ ഗുണ്ടകൾ പോലീസിന്റേയും പ്രോസിക്യൂട്ടർമാരുടേയും ഗവർമ്മേണ്ട് ഉദ്യോഗസ്ഥന്മാരുടേയും സംരക്ഷണത്തിനു കീഴിൽ ഒരു തേർവാഴ്ചതന്നെ നടത്തി. പുടിന്റെ ഭരണകൂടം ആരംഭിച്ച അന്വേഷണം പുരോഗമിച്ചതോടെ ക്രാസ്നോഡർ മേഖലയിലെ പല പോലീസുകാർക്കും ഉദ്യോഗം നഷ്ടപ്പെട്ടു. ഒരു സീനിയർ പോലീസ് മേധാവിയെങ്കിലും അറസ്റ്റ് ചെയ്യപ്പെട്ടു.

പോലീസ് ഭരണസംവിധാനമാകെ അഴിമതിയിൽ ആണ്ടുകിടക്കുന്നുവെന്നാണ് കുഷ്ചേവസ്കായ കൂട്ടക്കൊല തെളിയിക്കുന്നതെന്ന് പ്രസിഡണ്ട് വെഡ്‌വേഡേവ് പറഞ്ഞത്. പ്രധാനമന്ത്രി പുടിനും പോലീസ് സംവിധാനത്തിന്റെ പരാജയത്തെപ്പറ്റി പറഞ്ഞു. എന്നാൽ ക്രാസ് നോഡർ ഗവർണർ അലക്സാൻഡർ തച്ചേവ് നടുക്കിക്കളയുന്ന ഒരു വസ്തുത വെളിപ്പെടുത്തി. ഇത്തരം ഗുണ്ടാ സംഘങ്ങൾ ഈ മേഖലയിലെ ഓരോ ജില്ലയിലും അധികൃതരുടെ പിന്തുണയോടെ പ്രവർത്തിച്ചുവരുന്നുണ്ട്!!

അന്വേഷണം പുരോഗമിച്ചപ്പോൾ അസ്വാസ്ഥ്യ ജനകമായ മറ്റൊരു വിവരം കൂടി പുറത്തുവന്നു. കഷ്ചേവസ്കായ സംഭവം ഒറ്റപ്പെട്ടതല്ല. റഷ്യയുടെ എല്ലാ ഭാഗങ്ങളിലും ഗുണ്ടാസംഘങ്ങൾ പോലീസിന്റേയും ഉദ്യോഗസ്ഥ പ്രമുഖന്മാരുടേയും തണലിൽ സൈ്വര വിഹാരം നടത്തുന്നുണ്ടെന്ന് മെഡ്‌വേഡേവ് മനസ്സിലാക്കി.

കുഷ്ചേവസ്കായ കൂട്ടക്കൊലയെ റഷ്യൻ ഗവർമ്മേണ്ട് വളരെ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുകയും പല രഹസ്യങ്ങളും പുറത്തു കൊണ്ടുവരികയും ചെയ്തത് കണ്ടപ്പോൾ, മോസ്കോവിൽനിന്ന് 250 കിലോമീറ്റർ ദൂരെ കിടക്കുന്ന ഗുസ് ഖ്റുസ്റ്റാൽനിയിലെ ചെറുകിട ബിസിനസ് ഉടമകൾ പ്രധാനമന്ത്രി പുടിന് ഒരു തുറന്ന കത്തയച്ചു. സ്ഫടിക വ്യവസായത്തിന്ന് പേരുകേട്ട നാടാണ് ഗുസ് ഖ്റുസ്റ്റാൽനി, അവിടെ നടന്നുവരുന്ന സംഘടിതമായ അതിക്രമങ്ങളും പോലീസ് അതിന്നു നൽകിവരുന്ന സംരക്ഷണവുമെല്ലാമാണ് ആ കത്തിൽ ഉണ്ടായിരുന്നത്.

ഗുരുതരമായ എല്ലാ കേസുകളും പുനരവലോകനം ചെയ്യാൻ റഷ്യൻ ഗവർമ്മേണ്ട് ഇതിനെത്തുടർന്ന് കല്പന നൽകി. ഇതിന്റെ ഫലം അത്ഭുതകരമായിരുന്നു. സംസ്ഥാന തലത്തിലുള്ള ഒട്ടേറെ പ്രമുഖ ഉദ്യോഗസ്ഥന്മാർ അറസ്റ്റ് ചെയ്യപ്പെട്ടു. ഗുണ്ടാ സംഘങ്ങളുടെ സംരക്ഷകർ എന്ന നിലക്കായിരുന്നു അറസ്റ്റെല്ലാം.

സംസ്ഥാനങ്ങളിലെ ഗുണ്ടാ സംഘങ്ങളുടെ തേർവാഴ്ച അവസാനിപ്പിക്കാൻ ഇപ്പോൾ കൈക്കൊണ്ട്‌വരുന്ന ഇത്തരം നടപടികൾ എത്രത്തോളം ഫലപ്രദമാകുമെന്ന കാര്യത്തിൽ റഷ്യൻ പത്രങ്ങൾ സംശയമാണ് പ്രകടിപ്പിക്കുന്നത്. മോസ്കോവിൽനിന്ന് പ്രസിദ്ധീകരിക്കുന്ന റഷ്യൻ ഗവർമ്മേണ്ടിന്റെ മുഖപത്രമാണ് "റോസിസ്കായഗസറ്റ്" അവർക്കിതിനെപ്പറ്റി വളരെയധികം പറയാനുണ്ട്. കുഷ്ചേവസ്കായയിൽനടക്കുന്ന കൂട്ട ബലാത്സംഗങ്ങളെപ്പറ്റിയും ഗുണ്ടകളുടെ തേർവാഴ്ചയെപ്പറ്റിയും തങ്ങൾ അഞ്ചുകൊല്ലം മുമ്പുതന്നെ റിപ്പോർട്ട് ചെയ്തിരുന്നതാണെന്നും എന്നിട്ടും ആരും ഒന്നും ചെയ്തില്ലെന്നും അവർ പറയുന്നു.

മുൻ പ്രസിഡണ്ട് മൈക്കേൽ ഗോർബച്ചേവും മറ്റും ചേർന്നു നടത്തിവരുന്ന സ്വതന്ത്ര പത്രമായ നൊവായ ഗസ്ററക്കും പറയാനുണ്ടൊരു കഥ. തെക്കൻ റഷ്യയിൽ ഒന്നേമുക്കാൽ ലക്ഷം ജനങ്ങൾ മാത്രമുള്ള വോൾഗോഡോൺസ്‌ക് കഴിഞ്ഞ ഇരുപതു കൊല്ലമായി ക്രിമിനൽ മാഫിയകളുടെ പിടിയിലാണ്. ഏഴുകൊല്ലംമുമ്പ് അന്നാട്ടിലെ അറുപതിൽപരം ബിസിനസ്സുകാർ ചേർന്ന് പ്രസിഡണ്ട് പുടിന് ഒരു കത്തെഴുതി. പുടിൻ ഇടപെട്ടതിനെത്തുടർന്ന് അവിടത്തെ പോലീസ് മേധാവിയെ പുറത്താക്കി. ഏഴുഗുണ്ടകൾക്ക് തടവുശിക്ഷ ലഭിച്ചു. ഇതൊക്കെയായിട്ടും അവിടെ ക്രിമിനലുകളുടെ പിടി അയയുകയല്ല, കൂടുതൽ മുറുകുകയാണ് ചെയ്തിരിക്കുന്നത്.

പോലീസ്തന്നെ ക്രിമിനലുകളാകുന്നതാണ് നിയമം നടപ്പാക്കാതെവരുന്നതിന്റെ കാരണമെന്ന് മെഡ് വെഡേവ് ഈയിടെ രാഷ്ട്രത്തോടായി നടത്തിയ ഒരു പ്രസംഗത്തിൽ വിശദീകരിക്കുകയുണ്ടായി. കുഷ്ചേവസ്കായയിലും വോൾഗോ ഡോൺസ്കിൽ റഷ്യയിലെ ഭരണകക്ഷിയായ യുണൈറ്റജ് റഷ്യ

യുടെ ടിക്കറ്റിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ച മുനിസിപ്പൽ കൗൺസിലർമാർ തന്നെയാണ് ഗുണ്ടാസംഘങ്ങൾക്ക് നേതൃത്വം നൽകിവരുന്നത്. ക്രിമിനലുകൾ 15 ലക്ഷം ജനസംഖ്യയുള്ള നൊവോസിബിർസ്കയിലും ക്രിമിനലുകൾ നുഴഞ്ഞു കയറിയിട്ടുണ്ട്. റഷ്യയുടെ സൈബീരിയൻ തലസ്ഥാനമായി അറിയപ്പെടുന്ന നഗരമാണിത്. ഈ നഗരത്തിലെ ഡെപ്യൂട്ടി മേയർ തന്നെയാണ് ക്രിമിനൽ സംഘത്തിന്റെ നേതാവും. പണം കൊടുത്തേല്പ്പിച്ചാൽ ഇയാൾ ആരെവേണമെങ്കിലും കൊന്നുതരും. അതുപോലെ പത്തു ലക്ഷം ജനങ്ങളുള്ള സരാട്ടോവ് മുനി: കൗൺസിലിന്റെ തലവൻ ഒരു ഘാതക സംഘത്തിന്റെ തലവനാണ്.

കുഷ്ച്ചേവസ്കായ സംഭവത്തെത്തുടർന്ന് റഷ്യൻ സുപ്രീം കോടതിയുടെ ചീഫ് ജസ്റ്റീസായ വലേരി സോർക്കിൻ ഉഗ്രമായൊരു താക്കീത് നൽകി. റഷ്യ ഒരു ക്രിമിനൽ പരാജ്യമായി മാറിക്കൊണ്ടിരിക്കുകയാണെന്നും, ഈ പോക്കു പോയാൽ രാഷ്ട്രമാകെ തകരുമെന്നും അദ്ദേഹം പറഞ്ഞു. സത്യസന്ധമായി പറഞ്ഞാൽ സംഘടിത ക്രിമിനലുകൾ രാജ്യത്താകെ അഗാധമായി വേരൂന്നിവളർന്നിട്ടുണ്ട്. നമ്മുടെ ദുർബ്ബലമായ നിയമസംവിധാനത്തിന്റെ അടിത്തറയെത്തന്നെ ക്രിമിനലുകൾ അട്ടിമരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും പക്വത വന്നിട്ടില്ലാത്ത സിവിൽ സമൂഹത്തെ ഇവർ കാന്നുതിന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ പല ഭാഗത്തും അധികാരികളും ക്രിമിനലുകളും തമ്മിൽ കൈകോർത്തു പിടിച്ചാണ് നിൽക്കുന്നത്. ഏതാണ്ട് ഉദ്യോഗസ്ഥന്മാർ ഏതാണ് ഗുണ്ടകൾ എന്നു തിരിച്ചറിയാൻതന്നെ പലേടത്തും വിഷമമായിരിക്കുന്നു. ഈ ക്രിമിനൽ മാഫിയകളെ പിന്നോക്കം തള്ളിമാറ്റാൻ കഴിയാത്തപക്ഷം റഷ്യക്ക് അടുത്ത പത്തുകൊല്ലത്തെ അതിജീവിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

സുപ്രീംകോടതി ചീഫ് ജസ്റ്റീസെന്നല്ല റഷ്യയിൽ ആരെങ്കിലും റഷ്യയിലെ ക്രിമിനലിസത്തെപ്പറ്റി ഇത്ര രൂക്ഷമായ ഭാഷയിൽ സംസാരിച്ചിട്ടില്ല.

പുടിൻ പ്രസിഡണ്ടായതിന്നുശേഷമുള്ള എട്ടുകൊല്ലത്തെ ഭരണ നേട്ടങ്ങളെ പലരും വാഴ്ത്താറുണ്ട്. എന്നാൽ ചീഫ് ജസ്റ്റീസിന്ന് അതിലും സംശയമാണുള്ളത്. പുടിൻ റഷ്യയുടെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കിയെന്നും രാഷ്ട്രീയമായ സുസ്ഥിരത കൈവരുത്തിയെന്നുമാണ് പൊതുവെയുള്ള അഭിപ്രായം.

“എന്തു സുസ്ഥിരതയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? ആർക്കാണ് സുസ്ഥിരത? ജനങ്ങൾക്കാണോ? അതോ ക്രിമിനൽ സംഘങ്ങൾക്കാണോ?” എന്ന് ചീഫ് ജസ്റ്റീസ് ചോദിക്കുന്നു. 1930കളിൽ അമേരിക്കയിൽ ഇങ്ങനെ മാഫിയകൾ വളർന്നുവരികയുണ്ടായി. മാഫിയകളെ അമർത്താൻ അമേരിക്ക എന്തെല്ലാമാണ് ചെയ്തതെന്ന് അന്വേഷിച്ചു മനസ്സിലാക്കാൻ അദ്ദേഹം റഷ്യൻ ഭരണകൂടത്തോട് ആവശ്യപ്പെട്ടു.

സംഘടിത പാതകങ്ങൾക്കെതിരെ അടിയന്തര നടപടിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്രംലിന്ന് ബോധ്യം വന്നിട്ടുണ്ടെന്ന് തോന്നുന്നു. ഒരു സ്വതന്ത്ര അന്വേഷണ കമ്മിറ്റിയ നിയമിക്കാനുള്ള ഒരു നിയമത്തിൽ നവവത്സര ദിനാഘോഷത്തിന്റെ തലേന്ന് പ്രസിഡണ്ട് മെഡ്വേഡ്സ് ഒപ്പുവച്ചിട്ടുണ്ട്. അമേരിക്കയിലെ ആഭ്യന്തര അന്വേഷണബ്യൂറോ (FBI)ക്കു സമാനമാണിത്. ഈ രഹസ്യാന്വേഷണ കമ്മിറ്റി നേരിട്ട് പ്രസഡണ്ടിന്ന് റിപ്പോർട്ട് സമർപ്പിക്കും. കമ്മിറ്റിയുടെ അധ്യക്ഷനെ നിയമിക്കാനും നീക്കാനും പ്രസിഡണ്ടിന്നായിരിക്കും അധികാരം.

റഷ്യയിലെ കുപ്രസിദ്ധമായ, അഴിമതി നിറഞ്ഞ, എന്തതിക്രമത്തിന്നും മടിക്കാത്ത പോലീസ് സേനയെ ആകെയൊന്ന് ഉടച്ചുവാർക്കാനുള്ള ഒരു ബിൽ അടുത്തുതന്നെ പാർലിമെന്റിൽ വരും. അധികാര ദുർവിനിയോഗത്തിന്നുള്ള എല്ലാ പഴുതുകളും അടക്കുന്നതായിരിക്കും ഈ ബില്ലെന്ന് പ്രസിഡണ്ട് മെഡ്വേഡേവ് ഉറപ്പു നൽകിയിട്ടുണ്ട്. റഷ്യൻ പോലീസ് മേലിൽ കേന്ദ്രവൽകൃതമാകും. ഇപ്പോൾ റഷ്യൻ പോലീസ് മേഖലാ മേധാവികളുടെ നിയന്ത്രണത്തിലും കേന്ദ്ര ഗവർമ്മേണ്ടിന്റെ ശാസനക്കു വിധേയവുമാണ്. കമ്യൂണിസ്റ്റ് വാഴ്ചക്കാലത്ത് പോലീസിന്റെ പേര് മിലീഷ്യ എന്നായിരുന്നു. ഈ ചീത്തപ്പേരിൽ നിന്നു രക്ഷപ്പെടാനായി പോലീസിന്റെ പേർ ഇനി മേൽ പോളീഷ്യ എന്നോ അല്ലെങ്കിൽ വെറും പോലീസ് എന്നോ ആക്കാനാണ് പ്ലാൻ.

പക്ഷെ ഇത്തരം പരിഷ്കാരംകൊണ്ടൊന്നും കുറ്റകൃത്യങ്ങളെ നേരിടാനുള്ള പൊലീസിന്റെ ശേഷി വർധിക്കാൻ പോകുന്നില്ലെന്നാണ് പരക്കെയുള്ള അഭിപ്രായം. ഈയിടെ നടത്തിയ ഒരു സർവ്വേയിൽ 52 ശതമാനം ജനങ്ങളും ഈ പരിഷ്ക്കാരം പോലീസിന്റെ മാറ്റത്തിൽ കലാശിക്കുമെന്നാണ് പറഞ്ഞത്. പോലീസടക്കം ഭരണസംവിധാനമെല്ലാം അഴിമതിയിൽ ആറാടിനിൽക്കെ ആർക്കും ഒന്നും ചെയ്യാനാവില്ലെന്ന് ജനങ്ങൾ കരുതുന്നു. റഷ്യയിൽ ഒരു കൊല്ലം 30,000 കോടി ഡോളറിന്റെ അഴിമതി നടക്കുന്നുണ്ടെന്നാണ് ബർലിൻ ആസ്ഥാനമായുള്ള ട്രാൻസ്പാരൻസി ഇന്റർ നാഷനൽ പറയുന്നത്. ഇത് മൊത്തം ദേശീയോല്പാദനത്തിന്റെ (GPD) നാലിലൊന്നു വരും.

2008 ൽ റഷ്യൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മെഡ്വെഡേവ് അഴിമതിക്കെതിരെ ഒരു യുദ്ധപ്രഖ്യാപനംതന്നെ നടത്തിയിരുന്നു. പക്ഷെ കാര്യമായൊന്നും ചെയ്യാൻ തനിക്ക് കഴിഞ്ഞിട്ടില്ലെന്ന് പിന്നീട് അദ്ദേഹം തന്നെ സമ്മതിച്ചു. രാജ്യത്തെ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അഴിമതിയാണെന്ന് ജനങ്ങൾ മാത്രമല്ല ഉദ്യോഗസ്ഥന്മാരും സമ്മതിക്കുന്നുണ്ട്. അഴിമതി കുറഞ്ഞ രാജ്യങ്ങളുടെ ഒരു പട്ടിക ട്രാൻസ്പാരൻസി ഇന്റർ നാഷനൽ തയ്യാറാക്കിയിട്ടുണ്ട്. 178 രാജ്യങ്ങളിലാണ് അവർ സർവ്വേ നടത്തിയത്. ഇതനുസരിച്ച് 154–ാം സ്ഥാനമാണ് റഷ്യക്കുള്ളത്.

> **പ്രശ്നം അതീവ സങ്കീർണമാണ്. അഴിമതിക്കാരെ വേട്ടയാടുന്നതിന്ന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർതന്നെ മൂക്കോളം അഴിമതിയിൽ ആണ്ടുകിടക്കുന്നവരാണ് എന്നതാണ് ഏറ്റവും കടുത്ത പ്രശ്നം. ഇതുതന്നെയാണ് ഇന്ത്യയിലേയും സ്ഥിതി. അടിമുതൽ മുടിവരെ അഴിമതിയാണെന്ന് അറിഞ്ഞിട്ടും ഒന്നും ചെയ്യാത്ത പാർലിമെന്റ്! അഴിമതിയിലൂടെയല്ലാതെ നിലനിൽക്കാനാവാത്ത പാർട്ടികളും നേതാക്കന്മാരും. അതുകണ്ടു ചിരിക്കുന്ന ലോകനേതാക്കന്മാരും** – പത്രാധിപർ

പ്രവർത്തനക്ഷമമായ ഒരു ജനാധിപത്യത്തിന്റെ അഭാവമാണ് അഴിമതി വേട്ടക്കുള്ള തടസ്സമെന്ന് വിദഗ്ധർ പറയുന്നു. റഷ്യയിൽ രാഷ്ട്രീയ കക്ഷികളുടെ കിടമത്സരമില്ല. കൈ ഉയർത്താൻ പറഞ്ഞാൽ കൈ ഉയർത്തുന്ന ജനപ്രതിനിധി സഭകളാണ് സർവ്വത്ര. ജനാധിപത്യപരമായ മത്സരാത്മകമായ രാഷ്ട്രീയാന്തരീക്ഷം ഉണ്ടാകണം... ഇന്നത്തെ ആഢ്യവർഗ്ഗം അഴിമതി പ്രശ്നം പരിഹരിക്കാൻ താല്പര്യമുള്ളവരല്ല. അവർക്ക് അഴിമതി പരിഹരിക്കാനുമാവില്ല. അഴിമതി തുടച്ചുമാറ്റാൻ പ്രസിഡണ്ട് കച്ചകെട്ടിയിറങ്ങണം; അതിന്നു ജനപിന്തുണ സംഘടിപ്പിക്കണം; ധീരരായ രാഷ്ടീയ ശക്തികൾ അതിന്നു പിന്തുണ നൽകുകയും വേണം. എന്ന് ഗോർബച്ചേവ് ഒരു ലേഖനത്തിൽ പറയുന്നു. ❑

# ഒരു ടൺ പച്ചനുണയും ധനകാര്യമന്ത്രി മൂക്കർജിയും

**- വി.യു. ഏറാടി -**

പൊതു ബഡ്ജറ്റ് സംബന്ധിച്ച് ചർച്ചക്കു മറുപടി പറയുന്ന അവസരത്തിൽ ധനകാര്യമന്ത്രി പ്രണവകുമാർ മൂക്കർജി ഇന്ത്യക്കു പുറത്ത് സൂക്ഷിച്ചുവരുന്ന കള്ളപ്പണം ഇന്ത്യയിലെത്തിക്കാൻ ഗവർമ്മേണ്ട് വളരെ ഗൗരവപൂർവ്വം ശ്രമിച്ചുവരുന്നുണ്ടെന്നു പറയുകയുണ്ടായി. (മാർച്ച് 9) ചർച്ചക്കു മറുപടി പറയുന്ന അവസരത്തിൽ മന്ത്രി മൂക്കർജി അടിയന്തരാവസ്ഥക്കാലത്തെ ഒരു കഥ പറഞ്ഞു. കള്ളപ്പണം വീണ്ടെടുക്കുന്നതിന്നുള്ള ആവേശം മൂലം "വളരെ പ്രധാനപ്പെട്ട ഒരു കുടുംബത്തിൽ" മിന്നൽ പരിശോധന നടത്താൻ താൻ കൽപ്പന നൽകിയെന്നും ആ കുടുംബത്തിന്റെ പേര് പറയാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും മൂക്കർജി പറഞ്ഞു. എന്നൽ അതൊരു നിഷ്ഫല വ്യായാമമായിരുന്നില്ലെന്നും സ്വിസ്സ് അടയാളങ്ങളോടുകൂടിയ ഒരു ടൺ തനി തങ്കം പിടിച്ചെടുത്തുവെന്നും അദ്ദേഹം പറഞ്ഞു. പിന്നീട് പുതിയ ഗവർമ്മേണ്ട് അധികാരമേറ്റപ്പോൾ, ഇത് അടിയന്തരാവസ്ഥക്കാലത്തെ തന്റെ അതിക്രമമായി മുദ്രയടിക്കപ്പെട്ടുവെന്നും ഷാ കമ്മീഷൻ മുമ്പാകെ താൻ പ്രതിക്കൂട്ടിലായെന്നും മൂക്കർജി പറഞ്ഞു.

ധനകാര്യമന്ത്രിയുടെ സമ്പുഷ്ടമായ ഭാവനയിൽ തെളിഞ്ഞുന്ന ഒരു യക്ഷിക്കഥയാണോ ഇതെന്നു എനിക്കറിയില്ല. എന്നാൽ ഇത്തരമൊരു കേസിൽ ഷാ കമ്മീഷൻ മുമ്പാകെ മൂക്കർജി വിചാരണ ചെയ്യപ്പെട്ടുവെന്നു പറയുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ നുണയാണ്. അടിയന്തരാവസ്ഥക്കാലത്തെ അതിക്രമങ്ങളും ഷാ കമ്മീഷൻ പരിശോധിച്ചുവെന്നത് ശരിയാണ്. ഇത്തരം കേസുകളിൽ അഞ്ചെണ്ണം ആദായ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ടവയായിരുന്നു. ഇന്നത്തെ ധനകാര്യ മന്ത്രിയായ പ്രണവകുമാർ മൂക്കർജി അന്ന് ആദായ നികുതി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ധനകാര്യ സഹമന്ത്രിയായിരുന്നു.

ഷാ കമ്മീഷന്റെ റിപ്പോർട്ട് വിലയേറിയ ഒരു രേഖയാണ്. പിന്നീട് ഇന്ദിരാഗാന്ധി അധികാരത്തിൽ വന്നപ്പോൾ ഈ റിപ്പോർട്ടിന്റെ പൊടിപോലും അവശേഷിക്കാത്ത വിധത്തിൽ തേച്ചുമായ്ച്ചു കളയാൻ ശ്രമിക്കുകയുണ്ടായി. എന്നാലും ഷാ കമ്മീഷന്റെ റിപ്പോർട്ടിന്റെ അല്പം കോപ്പികൾ ഇന്നും അവശേഷിക്കുന്നുണ്ട്. മഹാനായൊരു പാർലിനെൻടേറിയനായ എരാ ചെഴിയനോട് ഇക്കാര്യത്തിൽ രാജ്യം കടപ്പെട്ടിരിക്കുന്നു. അദ്ദേഹം ഈയിടെ ഷാ കമ്മീഷന്റെ റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം അതിന്ന് ഒന്നാന്തരമൊരു ആമുഖംകൂടി എഴുതിച്ചേർത്തിട്ടുണ്ട്.

ആദായ നികുതി വെട്ടിപ്പ് സംബന്ധിച്ച് അഞ്ചു കേസാണുണ്ടായിരുന്നത്. അവ ചുരുക്കിപ്പറായം. ആദ്യത്തെ രണ്ടെണ്ണം ഒരേ ഗണത്തിൽ പെട്ടവയാണ്. പ്രഭാത്കർ, ഡി. പി. ഛദ്ദ എന്നാ ധീരന്മാരായ രണ്ടു ട്രേഡ് യൂണിയൻ പ്രവർത്തകർ അന്നുണ്ടായിരുന്നു. അഖിലേന്ത്യാ ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെ പ്രസിഡണ്ടായിരുന്നു ഛദ്ദ; പ്രഭാതകർ ജന: സെക്രട്ടറിയും.

അന്നു പരാക്രമിയായിരുന്ന സി.ബി.ഐ. ഡയറക്ടർ ഡി. സെൻ ആണ് ഇവർക്കെതിരെ നടപടിയാരംഭിച്ചത് എന്നത് ഒരത്ഭുതമായി അവശേഷിക്കുന്നു. അദ്ദേഹം ആദായ നികുതി വകുപ്പുകാരെ വിളിച്ചുവരുത്തി മിന്നൽ പരിശോധന നടത്താൻ കല്പിക്കുകയായിരുന്നു. ആദായ നികുതി വകുപ്പുകാർ അതുപോലെ ചെയ്തു. സി.ബി.ഐ. ഡയറക്ടർ പിന്നീടൊരു രഹസ്യകുറിപ്പ് തയ്യാറാക്കി. ഇവരുടെ വീടുകൾപരിശോധിക്കാൻ താൻ നിർദ്ദേശിച്ചതാണെന്ന് അതിൽ പറയുന്നു. പരിശോധനാ റിപ്പോർട്ട് ഈ കുറിപ്പിനോടൊപ്പമുണ്ടെന്നും അതിൽ പറയുന്നുണ്ട്. പരിശോധനാ റിപ്പോർട്ട് അന്നു കുപ്രസിദ്ധനായിക്കഴിഞ്ഞിരുന്ന ആഭ്യന്തര കാര്യ സഹമന്ത്രി ഓം മേത്തക്കോ ആർ.കെ. ധവാണോ അയച്ചുവെന്നാണ് സെൻ പിന്നീട് പറഞ്ഞത്. സെന്നിന്നോ ഓം മേത്തക്കോ ധവാന്നോ ആദായനികുതി കാര്യത്തിൽ ഒരു അധികാരവുമില്ല. ട്രേഡ് യൂണിയൻ പ്രവർത്തനത്തെ അടിച്ചമർത്താൻ നികുതി നിയമനത്തെ ദുരുപയോഗപ്പെടുത്തിയെന്നതിൽനിന്ന് മൂക്കർജിക്ക് ഒഴിഞ്ഞുമാറാനുമാവില്ല.

മൂന്നാമത്തേത് ബറോഡ റയേൺ കോർപറേഷൻ കേസാണ്. ആദ്യമേ പറയട്ടേ, ഒരു സ്പൂൺ സ്വർണ്ണം ഇവിടേയും പിടിച്ചെടുത്തിട്ടില്ല. വാസ്തവത്തിൽ ഇതും ശല്യപ്പെടുത്താൻ വേണ്ടി മാത്രം നടത്തിയ പരിശോധനയാണ്. സ്വർണമൊന്നും പിടികിട്ടിയില്ലെങ്കിലും അതിനേക്കാൾ വിലയേറിയ ചിലത് പിടികിട്ടി. നികുതി വെട്ടിപ്പ് പിടികൂടാനല്ല ഇതുപയോഗിച്ചത്.

ഷാ കമ്മീഷൻ കൈകാര്യം ചെയ്ത നാലാമത്തെ കേസ് ബജാജ് - മുകുന്ദ് ഗ്രൂപ്പുകളെ സംബന്ധിച്ചതായിരുന്നു. ഇവിടേയും സ്വർണക്കേസൊന്നുമില്ല. ജയപ്രകാശ് നാരായണനുമായി സഹകരിക്കുന്നുവെന്നതിന്നായിരുന്നു മിന്നൽ പരിശോധന. മാത്രമല്ല മുകുന്ദ് അയേൺ ആൻഡ് സ്റ്റീൽ വർക്സിന്റെ മാനേജിങ് ഡയറക്ടറായ വീരൻ ഷ ബജാജ് കുടുംബത്തിന്റെ ഒരു സുഹൃത്തായിരുന്നു. അന്നു ദൽഹിയിൽ വാഴുന്നവർക്ക് വീരൻ ഷാ കണ്ണിലെ കരടുമായിരുന്നു.

**രണ്ടു സ്ത്രീകൾ:**

അടിയന്തരാവസ്ഥക്കാലത്തെ അഞ്ചാമത്തെ ആദായ നികുതി അതിക്രമം പ്രത്യക പരാമർശമർഹിക്കുന്നു. അന്നു സജ്ജയ് ഗാന്ധി മാരുതി ലിമിറ്റഡ് എന്നൊരു കമ്പനി സ്ഥാപിച്ചിരുന്നു. ആദായനികുതി വകുപ്പുകാർ മാരുതിയുടെ ഓഹരിയുടമകളെപ്പറ്റി ഒരന്വേഷണം നടത്തി. കമ്പനിയുടെ രേഖകളിൽ രണ്ടു സ്ത്രീകളുടെ പേരുണ്ട്. എന്നാൽ കമ്പനിയിൽ നൽകിയിരിക്കുന്ന മേൽവിലാസത്തിൽ അങ്ങനെ രണ്ടുപേരെ കണ്ടെത്താനായില്ല. കൂടുതൽ അന്വേഷണത്തിന്നു മുതിർന്നപ്പോൾ, പെട്ടെന്ന് തടസ്സം വന്നു. ആദായ നികുതി അന്വേഷണത്തിന്റെ അധികാരിയായ ഡയറക്ടർ ഇങ്ങനെ കുറിച്ചിട്ടിരുന്നു. "ചെയർമാനിൽനിന്ന് കൂടുതൽ നിർദ്ദേശം ലഭിക്കുന്നതുവരെ ഈ കേസുകളിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതില്ലെന്ന് ചെയർമാൻ താല്പര്യപ്പെട്ടിരിക്കുന്നു."

ഈ കല്പന പാസാക്കിയിട്ടിപ്പോൾ 35 കൊല്ലമേ കഴിഞ്ഞിട്ടുള്ളൂ. ചെയർമാന്റെ നിർദ്ദേശം വരുന്നുണ്ടാകുമെന്നു നമുക്കു കരുതുക. ഏതായാലും തിരിച്ചറിയപ്പെടാത്ത സ്ത്രീകളുടെ പേരിലുള്ള ഓഹരി നിക്ഷേപം കള്ളപ്പണമാകണം.

അപ്പോൾ ധനകാര്യമന്ത്രിയോടൊരു ചോദ്യം. സ്വിസ്സ് അടയാളങ്ങളോടുകൂടിയ ഒരു ടൺ തങ്കം പിടികൂടിയതിന്ന് ഷാ കമ്മീഷൻ പ്രതിക്കൂട്ടിൽ കയറ്റിയത് ഏതു കേസിലാണെന്ന് ഒന്നു വിശദമാക്കാമോ? ഇതിന്ന് സത്യസന്ധമായ ഒരു മറുപടി നൽകാൻ ചരിത്രവും ഔചിത്യവും മന്ത്രിയെ ബാധ്യസ്ഥമാക്കുന്നുണ്ട്.

(ഷാ കമ്മീഷനിൽ നികുതി കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ആളാണ് വി. യു. ഏറാടി. മുമ്പ് ഇദ്ദേഹം കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിൽ അംഗവുമായിരുന്നു.) ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-3-2011

**– വർദ്ധിച്ചുവരുന്ന മരുന്നു പരീക്ഷണങ്ങൾ –**

# ജനം ജാഗ്രത പാലിക്കുക!

**അ**നധികൃതമായി, മാനദണ്ഡങ്ങൾ പാലിക്കാതെ, പാവപ്പെട്ടവരും ദുർബ്ബലരുമായ രോഗികളുടെ മേൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങൾ രഹസ്യമായും പരസ്യമായും നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരുന്നുണ്ട്. പ്രശസ്തമായ സ്ഥാപനങ്ങളും, പ്രഗൽഭരായ വൈദ്യശാസ്ത്ര ഗവേഷകരും, ഡോക്ടർമാരും, കരുത്തരായ മരുന്നു കമ്പനികളുടെയും സംഘടിതരായ ഇടനിലക്കാരുടെയും സ്വാധീനത്തിലും പ്രലോഭനങ്ങളിലും പെട്ട് ആരോഗ്യ മേഖലയെ ഏറെ അപകടകരമാക്കുന്നു. പൊതുജനത്തിന്റെയും ഭരണകൂടസ്ഥാപനങ്ങളുടെയും അറിവില്ലായ്മയും, അനാസ്ഥയും, നിസ്സംഗതയും കുറ്റവാളികൾക്കും ചൂഷകർക്കും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു.

ഔഷധ വ്യാപാരികളും ആരോഗ്യ മേഖലയും തമ്മിൽ ഉടലെടുത്തിട്ടുള്ള അനാശാസ്യ ബന്ധങ്ങൾ പൊതുജനത്തിനിടയിൽ ആശങ്കകൾക്കിടയാക്കിയിരിക്കുന്നു. ദേശീയവും അന്തർദേശീയവുമായ നിയമങ്ങളും മാർഗ്ഗരേഖകളും അനുസരിച്ച് ഗൗരവപൂർവ്വം നിർവ്വഹിക്കപ്പെടേണ്ട മരുന്നു ഗവേഷണങ്ങളും അവയുടെ നിയന്ത്രണവും കൊള്ളലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇടനിലക്കാരായ 'ക്വട്ടേഷൻ' സംഘങ്ങളുടെ വ്യാപാരരംഗമായി. സാധാരണക്കാരുടെ ജീവിതം ഇവരുടെ കൈകളിൽ പരീക്ഷണ വസ്തുവായി തീർന്നു.

അതികായകരായ ഔഷധ നിർമ്മാതാക്കളും അതിപ്രശസ്തരായ ഡോക്ടർമാരും ഗവേഷകരും സ്ഥാപനങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന ഭയാനകമായ ഈ സാമൂഹ്യ സാഹചര്യത്തെ ഫലപ്രദമായി തടയാനുള്ള ഏക വഴി പൊതുജന ജാഗ്രത മാത്രമാണ്. മറ്റെല്ലാ പരിഹാര മാർഗ്ഗങ്ങളും മേൽപറഞ്ഞ ശക്തമായ മാഫിയ സംഘത്തിന്റെ സ്വാധീനത്തിലാണ്. അപായ സൂചന യഥാസമയം നൽകേണ്ട മാധ്യമങ്ങളെപ്പോലും ഇക്കൂട്ടർ കൈപ്പിടിയിലൊതുക്കിയിരിക്കുന്നു. പൊതു സമൂഹത്തെയും പൊതു സ്ഥാപനങ്ങളെയും പൊതു നന്മയെപ്രതി ബോധവൽക്കരിച്ചുകൊണ്ട് മാരകമായ ഈ സാമൂഹ്യ വിപത്തിനെ പ്രതിരോധിക്കാൻ എല്ലാവരും മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

മരുന്നു പരീക്ഷണങ്ങൾക്ക് നിങ്ങളോ, നിങ്ങൾ അറിയുന്നവരോ ഇരകളായിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ഈ വിഷയത്തിൽ കൂടുതൽ അറിവോ സഹായമോ ആവശ്യമുണ്ടെങ്കിൽ, നിങ്ങളുടെ സ്ഥാപനത്തിലോ ജീവിത പരിസരങ്ങളിലോ ഇതു സംബന്ധിച്ച ചർച്ചാ സദസ്സുകൾ ആവശ്യമുണ്ടെങ്കിൽ വൈകാതെ ജനനീതിയുമായി ബന്ധപ്പെടുക.

*വിളിക്കേണ്ട നമ്പർ: 9495927338/0487-2373479*

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.